# VIJAYABHERI

***MALAPPURAM DISTRICT PANCHAYATH EDUCATIONAL***

***PROJECT 2021-22***

# STEP-UP

## THEMES IN WORLD HISTORY

**( Higher Secondary / V H S E Supporting Material )**



വിദ്യാഭ്യാസപരമായി ഏറ്റവും പുറകിൽ നിന്നിരുന്ന മലപ്പുറം ജില്ല കഴിഞ്ഞ കുറച്ചു വർഷങ്ങൾ കൊണ്ടുണ്ടാക്കിയ നേട്ടങ്ങൾ അഭൂതപൂർവമാണ് . എസ്. എസ്. എൽ. സി, പ്ലസ്ടു, വി. എച്ച്. എസ്. ഇ. ഫലത്തിന്റെ കാര്യത്തിൽ മാത്രമല്ല എ പ്ലസ്സ് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണത്തിലും വിവിധ മത്സരപരീക്ഷകളിലും നമ്മൾ ഏറെ മുന്നേറി. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ കാര്യത്തിൽ മറ്റു ജില്ലകൾക്ക് നമ്മൾ മാതൃകയാണ്. മലപ്പുറം ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ചു നടപ്പിലാക്കി കൊണ്ടിരിക്കുന്ന വിജയഭേരി വിദ്യാഭ്യാസ പദ്ധതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ, ജനപ്രതിനിധികൾ, എസ് . എസ് . കെ, ഡയറ്റ് , വിദ്യാഭ്യാസ ഓഫീസർമാർ ഒപ്പം എല്ലാ നല്ല പ്രവർത്തനങ്ങൾക്കും കൂടെ നിൽക്കുന്ന അധ്യാപകർ എന്നിവരാണ് ഈ നേട്ടങ്ങൾക്കു പിന്നിൽ.

നേട്ടങ്ങൾ ആഘോഷിക്കുന്നതിനോടൊപ്പം അടിയന്തിര ശ്രദ്ധ പതിയേണ്ടുന്ന മേഖലകൾ ഇനിയും ഏറെയുണ്ട്. 10 - ാം ക്ലാസ്സിൽ നിന്നും വിജയം നേടി പ്ലസ്സ് 1, വി. എച്ച്. എസ്. ഇ. ക്ലാസ്സുകളിൽ എത്തുന്ന വിദ്യാർത്ഥികളിൽ നല്ലൊരു ശതമാനം വിദ്യാർത്ഥികൾ ഹയർ സെക്കണ്ടറി സിലബസ് പിന്തുടരുന്നതിന് ഏറെ പ്രയാസം അനുഭവിക്കുന്നവരാണ്. കോവിഡ് കാരണം സ്കൂൾ പ്രവർത്തി ദിനങ്ങൾ നഷ്ടപ്പെട്ടതോടെ ഭൂരിപക്ഷം വിദ്യാർത്ഥികളും പഠന പ്രയാസങ്ങൾ അനുഭവിക്കുന്നു. ഈയൊരു പശ്ചാത്തലത്തിൽ പ്ലസ്ടു, വി. എച്ച്. എസ്. ഇ. തലത്തിൽ വിവിധ വിഷയങ്ങൾ അനായാസകരമായി പഠിക്കുന്നതിനും എല്ലാ വിദ്യാത്ഥികളും പ്ലസ്ടു, വി. എച്ച്. എസ്. ഇ. പരീക്ഷകളിൽ മികച്ച വിജയം ഉറപ്പു വരുത്തുന്നതിനായി **സ്റ്റെപ്പ്-അപ്പ് 22** എന്ന പേരിൽ പ്രത്യേക മെറ്റീരിയൽ വിജയഭേരി പദ്ധതിയുടെ ഭാഗമായി തയ്യാറാക്കി സ്കൂളുകളിലെത്തിക്കുകയാണ്. തീർച്ചയായും ഈ മെറ്റീരിയൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഏറെ സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ പഠനസഹായി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നേതൃത്വം നൽകിയ മലപ്പുറം ഡയറ്റ്, ഹയർ സെക്കണ്ടറി ജില്ലാ കോർഡിനേറ്റർ / അസിസ്റ്റന്റ് കോർഡിനേറ്റർ, ശില്പശാലയിൽ പങ്കെടുത്ത അധ്യാപകർ എന്നിവർക്കുള്ള നന്ദിയും കടപ്പാടും പ്രത്യേകം അറിയിക്കുന്നു.

സ്കൂൾതലത്തിൽ അനുയോജ്യമായ സമയം കണ്ടെത്തി രക്ഷിതാക്കളുടെ സഹകരണത്തോടെ ഈ പഠനപ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്ക് നൽകണം. അതിനായി എല്ലാ അധ്യാപകരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

| | | | | |
|---|---|---|---|---|
| പ്രസിഡണ്ട് | ചെയർപേഴ്സൺ | അസി: ഡയറക്ടർ | ആർ.ഡി.ഡി | പ്രിൻസിപ്പാൾ |
| ജില്ലാ പഞ്ചായത്ത് | ആരോഗ്യ വിദ്യാഭ്യാസ | വി..എച്ച്. എസ്.ഇ | മലപ്പുറം | ഡയറ്റ് |
| മലപ്പുറം | സ്ഥിരം സമിതി | മലപ്പുറം | | മലപ്പുറം |

***Prepared by:***

Srijith M.
HSST History
Ramanattukara HSS (11210)
9995861419

Sachin Kumar S.
HSST History
KM HSS Kuttoor North (11048 )
9496352264

Saju S.D.
HSST History
MS NSS HSS, Chakkalakuth, Nilambur (11216)
9895553054

Prajith E.
HSST History
GHSS Thadathilparamba (11144)
9746335119

Hamza Pullat
HSST History
PPTMYHSS Cherur (11059)
9847386953

Abdul Basheer M.
HSST History
GHSS Kokkur (11012)
9847124358

**പ്രമേയം 1**

# കാലത്തിന്റെ ആരംഭം മുതൽ

**ആദിമ മനുഷ്യന്റെ ചരിത്രം മനസ്സിലാക്കാൻ സഹായിക്കുന്ന ഉറവിടങ്ങൾ**

- ഫോസിലുകൾ
- ശിലായുധങ്ങൾ
- ഗുഹാ ചിത്രങ്ങൾ

➢ പരിണാമത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ചാൾസ് ഡാർവിന്റെ പുസ്തകമാണ് *ഓൺ ദി ഒറിജിൻ ഓഫ് സ്പീഷിസ്*

## മനുഷ്യ പരിണാമത്തിന്റെ കഥ

➢ പരിണാമത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോയാണ് മനുഷ്യനുൾപ്പെടെയുള്ള ജീവി വർഗ്ഗങ്ങൾ ഇന്നത്തെ രൂപത്തിലേക്കെത്തിയത്

**ആധുനിക മനുഷ്യരുടെ മുൻഗാമികൾ**

* **പ്രിമേറ്റുകൾ**
  - സസ്തനികളുടെ ഒരു ഉപവിഭാഗമാണ് പ്രിമേറ്റുകൾ
  - രോമാവൃതമായ ശരീരം
  - നീണ്ട ഗർഭധാരണ കാലം
  - സ്തന ഗ്രന്ഥികൾ
  - വിവിധ തരത്തിലുള്ള പല്ലുകൾ
  - സ്ഥിരമായ ശരീരോഷ്മാവ് നിലനിർത്താനുള്ള കഴിവ്
* **ഹോമിനോയ്ഡ്സ്**
  - പ്രിമേറ്റുകളുടെ ഒരു ഉപവിഭാഗം
  - തലച്ചോറ് ചെറുതായിരുന്നു
  - നൽക്കാലികൾ
  - നിവർന്ന് നിൽക്കാൻ കഴിയില്ല
  - കൈകൾക്ക് വഴക്കമോ, വൈദഗ്ദ്യമോ ഇല്ലായിരുന്നു
* **ഹോമിനിഡുകൾ**
  * ഹോമിനോയിഡ്സിൽ നിന്നും ഉത്ഭവിച്ചവർ
  * തലച്ചോറ് വലുതായിരുന്നു
  * ഇരുകാലികൾ
  * നിവർന്ന് നിൽക്കാൻ കഴിയും
  * കൈകൾക്ക് വഴക്കവും, വൈദഗ്ധ്യവും ഉണ്ടായിരുന്നു
* **ഓസ്ട്രലോപിത്തക്കസ്**
  - ദക്ഷിണ ദേശത്തെ വാനരന്മാർ
  - ചെറിയ മസ്തിഷ്ക്കം
  - ഉന്തിയ താടിയെല്ല്
  - വലിയ പല്ലുകൾ

- വനവാസികൾ

* <u>**ഹോമോ**</u>
  - ○ മനുഷ്യർ
  - ○ വലിയ മസ്തിഷ്ക്കം
  - ○ കുറച്ച് ഉന്തിയ താടിയെല്ല്
  - ○ ചെറിയ പല്ലുകൾ
  - ○ പുൽമേടുകളിൽ താമസം
  - ▪ <u>**ഹോമോഹാബിലിസ്:**</u>- ഹോമോ വിഭാഗത്തിലെ ആദ്യത്തെ അംഗമായിരുന്നു ഇവർ. ആദ്യത്തെ പണിയായുധ നിർമ്മാതാക്കൾ എന്നും *വിദഗ്ധ മനുഷ്യർ* എന്നുമുള്ള പേരിൽ അറിയപ്പെടുന്നു
  - ▪ <u>**ഹോമോ ഇറക്ടസ്**</u>:- *നിവർന്ന് നിൽക്കുന്ന മനുഷ്യൻ* എന്നറിയപ്പെടുന്നു
  - ▪ <u>**ഹോമോസാപിയൻസ്**</u>:- *ബുദ്ധിമാനായ മനുഷ്യൻ* എന്നാണിവർ അറിയപ്പെടുന്നത്

<u>**ആധുനിക മനുഷ്യർ**</u>

- ആധുനിക മനുഷ്യരുടെ ഉത്ഭവസ്ഥലത്തെ സംബന്ധിച്ച് രണ്ട് വിരുദ്ധ വീക്ഷണങ്ങൾ പണ്ഡിതന്മാർക്കിടയിലുണ്ട്

1. <u>**പ്രാദേശിക തുടർച്ചാ മാതൃക**</u>

- ആദിമ മനുഷ്യൻ ഉത്ഭവിച്ചത് പല പ്രദേശങ്ങളിലാണെന്ന് ഈ സിദ്ധാന്തം പറയുന്നു
  - ▪ ലോകത്തിന്റെ പല ഭാഗത്തുള്ള മനുഷ്യരുടെ ശാരീരിക സവിശേഷതകൾ വ്യത്യസ്തമാണ്
  - ▪ ഒരേ പ്രദേശത്ത് താമസിച്ചിരുന്ന ഹോമോ ഇറക്ടസ്-ഹോമോ ഹൈഡൽബർഗൻസിസ് ജനതകൾ തമ്മിൽത്തന്നെ വ്യത്യാസങ്ങളുണ്ടായിരുന്നു
  - ▪ എത്യോപ്യ, മൊറോക്കോ, ആസ്ട്രേലിയ, ബോർണിയോ, ഫ്രാൻസ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നെല്ലാം ആധുനിക മനുഷ്യന്റെ ഫോസിലുകൾ കണ്ടെത്തിയിട്ടുണ്ട്

2. <u>**ഏകോൽപത്തി മാതൃക**</u>

- ആധുനിക മനുഷ്യൻ ആവിർഭവിച്ചത് ഒരു സ്ഥലത്താണെന്നാണ് (ആഫ്രിക്ക) ഈ സിദ്ധാന്തത്തിന്റെ വക്താക്കൾ വാദിക്കുന്നത്
  - ▪ ആധുനിക മനുഷ്യന്റെ ജനിതകവും ശരീരശാസ്ത്രപരവുമായ പ്രത്യേകതകൾ എല്ലായിടത്തും ഒരേപോലെയാണ്
  - ▪ മനുഷ്യന്റെ എറ്റവും പഴക്കം ചെന്ന ഫോസിലുകൾ കണ്ടെത്തിയിട്ടുള്ളത് ആഫ്രിക്കയിലെ ഓമോ എന്ന സ്ഥലത്ത് നിന്നാണ്
  - ▪ ശാരീരിക വ്യത്യാസങ്ങൾ ഭൂമിശാസ്ത്രപരമായ വ്യത്യാസങ്ങൾ കാരണമാണ്

<u>**ആദിമ മനുഷ്യർ - ഭക്ഷണം നേടുന്നതിനുള്ള മാർഗ്ഗങ്ങൾ**</u>

1) വേട്ടയാടൽ/നായാട്ട്
   * ആസൂത്രിതമായ വേട്ടയാടലിന് തെളിവുകൾ ലഭിച്ച സൈറ്റുകൾ: ബോക്സ്ഗ്രോവ്, ഷോനിൻജെൻ
2) ഭക്ഷണം ശേഖരിക്കൽ
3) ചത്തജന്തുക്കൾ അല്ലെങ്കിൽ മറ്റ് ജന്തുക്കൾ കൊന്നിട്ട് പോയ മൃഗങ്ങളുടെ മാംസം
4) മീൻപിടുത്തം

<u>**ആദിമ മനുഷ്യരുടെ വാസസ്ഥലങ്ങൾ**</u>

- നിർമ്മിത വസ്തുക്കൾ കാണപ്പെടുന്ന സ്ഥലങ്ങൾ പരിശോധിച്ചുകൊണ്ട് കണ്ടെത്തുന്നു

- ആദ്യകാലത്ത് മരങ്ങളിൽ ചെലവഴിച്ചു
- പിന്നീട് ഗുഹകളും തുറസ്സായ സ്ഥലങ്ങളും ഉപയോഗിച്ചു
  - തെളിവുകൾ ലഭിച്ച സൈറ്റുകൾ: ലാസറൈറ്റ് ഗുഹ, ടെറ അമാറ്റ (ഫ്രാൻസ്)

**<u>തീയുടെ ഉപയോഗങ്ങൾ</u>**

1) ഗുഹകൾക്കുള്ളിൽ ചൂടും വെളിച്ചവും ലഭിക്കാൻ
2) പാചകം ചെയ്യാൻ
3) മരത്തിന് കാഠിന്യം കൂട്ടാൻ
4) ശിലകളിൽ നിന്ന് ഉപകരണങ്ങൾ ഉണ്ടാക്കാൻ
5) വന്യമൃഗങ്ങളിൽ നിന്നും രക്ഷപ്പെടാൻ

**<u>പണി ആയുധങ്ങൾ</u>**

- കല്ല് കൊണ്ടുള്ള ആയുധങ്ങളാണ് ആദ്യം ഉപയോഗിച്ചിരുന്നത്
- പിന്നീട് കുന്തം, അമ്പ്, വില്ല് എന്നിവ നിർമ്മിച്ചു
- തുന്നൽ സൂചികൾ, ഉളിപോലുള്ള ആയുധങ്ങൾ എന്നിവയും നിർമ്മിക്കാൻ തുടങ്ങി

**<u>വിനിമയ രീതികൾ-ഭാഷയും കലയും</u>**

- ഹോമിനിഡുകൾ ആംഗ്യഭാഷ ഉപയോഗിച്ചു
- പാട്ട് രൂപത്തിലും മർമ്മരങ്ങളായും വാച്യഭാഷ ആരംഭിച്ചു
- മൃഗങ്ങളേയും പക്ഷികളേയുമൊക്കെ അനുകരിച്ചുകൊണ്ടും ശബ്ദങ്ങൾ ഉണ്ടാക്കി
- ഗുഹാ ചിത്രങ്ങൾ അവരുടെ കലാചാതുരി വ്യക്തമാക്കുന്നു
- ഭാഷയും കലയും തമ്മിൽ അടുത്ത ബന്ധം ഉണ്ട്
- ഫ്രാൻസിലെ ലസ്കോ, ഷോവെ എന്നീ ഗുഹകളിൽ നിന്നും സ്പെയിനിലെ അൾട്ടാമിറ ഗുഹയിൽ നിന്നും നൂറ് കണക്കിന് മൃഗങ്ങളുടെ ചിത്രങ്ങൾ കണ്ടെത്തിയിട്ടുണ്ട്

- ➢ അനേകം ദശലക്ഷം വർഷങ്ങൾ വനജീവികളായി കഴിഞ്ഞ മനുഷ്യർ പിന്നീട് കൃഷിചെയ്യാനും മൃഗങ്ങളെ ഇണക്കി വളർത്താനും ആരംഭിച്ചു
- ➢ ഭക്ഷ്യശേഖരത്തിൽ നിന്നും ഭക്ഷ്യഉൽപാദനത്തിലേക്ക് മാറിയ മനുഷ്യർ പിന്നീട് ഗ്രാമ-നഗര ജീവിതം ആരംഭിക്കുകയും ചെയ്തു

**നിർമ്മിത വസ്തുക്കൾ (Artefacts)**

- മനുഷ്യനിർമ്മിതമായ ഉൽപ്പന്നങ്ങൾ അല്ലെങ്കിൽ വസ്തുക്കൾ

**നരവംശ ശാസ്ത്രം (Anthropology)**

- മനുഷ്യ സംസ്കാരം, മനുഷ്യശരീരത്തിന്റെ പരിണാമപരമായ തലങ്ങൾ എന്നിവ പഠിക്കുന്ന പഠന ശാഖ

**വംശീയ ശാസ്ത്രം (Ethonography)**

- സമകാലിക വംശീയ ഗ്രൂപ്പുകളുടെ പഠനം

----0000----

## പ്രമേയം 2

# എഴുത്തും നഗരജീവിതവും

### മെസോപൊട്ടേമിയ

- ടൈഗ്രീസ്, യൂഫ്രട്ടീസ് നദികൾക്കിടയിൽ സ്ഥിതി ചെയ്യുന്ന പ്രദേശമാണ് മെസോപൊട്ടേമിയ എന്നറിയപ്പെടുന്നത്
- ആധുനിക ഇറാഖിന്റെ പഴയ പേരാണിത്
- *മെസോസ്* അഥവാ മധ്യം, *പൊട്ടാമസ്* അഥവാ (നദികൾ) എന്നീ ഗ്രീക്കുപദങ്ങളിൽ നിന്നു മാണ് മെസോപൊട്ടേമിയ അഥവാ നദികൾക്കിടയിലെനാട് എന്ന പേര് ഉരുത്തിരിഞ്ഞ് വന്നത്
- മെസോപൊട്ടേമിയ അിറയപ്പെടുന്നത്. അതിന്റെ അഭിവൃദ്ധി, നഗരജീവിതം, സാഹിത്യം, ഗണിതം, ജ്യോതിശാസ്ത്രം എന്നിവയുടെ പേരിലാണ്
- മെസോപൊട്ടേമിയുടെ നഗരവൽകൃത ദക്ഷിണ ഭാഗം സുമർ, അക്കാഡ് എന്നിങ്ങനെ അറിയപ്പെടുന്നു
- ബി.സി.ഇ. 2000 നു ശേഷം ബാബിലോൺ ഒരു പ്രധാന നഗരമായി ഉയർന്നുവന്നതോടെ ഈ പ്രദേശം ബാബിലോണിയ എന്നറിയപ്പെട്ടു
- ബി.സി.ഇ. 1100 മുതൽ മെസോപൊട്ടേമിയയുടെ ഉത്തരഭാഗം അസീറിയ എന്നറിയപ്പെട്ടു

### പ്രധാന ഭാഷകൾ

- സുമേറിയൻ
- അക്കാഡിയൻ
- അരാമയ്ക്

### മെസോപൊട്ടേമിയൻ ഭൂമിശാസ്ത്രം

* വടക്ക് കിഴക്ക് : സമതലങ്ങൾ മലനിരകൾ (കൃഷിയായിരുന്നു പ്രധാന ഉപജീവനമാർഗ്ഗം)
* വടക്ക് : പുൽമേടുകൾ, (കാലിമേക്കൽ)
* കിഴക്ക് : ടൈഗ്രീസിന്റെ പോഷക നദികൾ(വിനിമയമാർഗ്ഗങ്ങൾ, മത്സ്യബന്ധനം)
* തെക്ക് : മരുഭൂമി (നഗരങ്ങൾ)

### നഗര ജീവിതത്തിന്റെ പ്രാധാന്യം

- നഗരങ്ങൾ, പട്ടണങ്ങൾ, എന്നിവ ജനസാന്ദ്രവും നിരവധി സാമ്പത്തിക പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളുമാണ്
- ഗ്രാമങ്ങളിലെ മിച്ചോൽപ്പാദനമാണ് നഗരങ്ങളുടെ ആവിർഭാവത്തിന് കാരണം
- നഗര ജനത കൃഷിയിൽ ഏർപ്പെട്ടിരുന്നില്ല
- വ്യാപാരം നിർമ്മാണ പ്രവർത്തനങ്ങൾ, കൈത്തൊഴിലുകൾ, സേവനങ്ങൾ എന്നിവയിലാണ് അവർ ഏർപ്പെട്ടത്
- നഗരങ്ങൾ സ്വയം പര്യാപ്തമായിരുന്നില്ല. നഗരജനത തമ്മിലും ഗ്രാമങ്ങളുമായും നിരന്തരം ബന്ധപ്പെടേണ്ടിവന്നു
- തൊഴിൽ വിഭജനം നാഗരിക ജീവതത്തിന്റെ മുഖമുദ്രയാണ്
- തൊഴിൽ സംഘാടനവും നഗര സവിശേഷതയാണ്
- സാമൂഹിക സംഘടനകൾ രൂപപ്പെട്ടിരുന്നു
- നഗര സമ്പദ്വ്യവസ്ഥക്ക് ലിഖിത രേഖകൾ ആവശ്യമായിരുന്നു

**<u>സാധനങ്ങളുടെ വരവ്</u>**

- പുരാതന മെസോപൊട്ടേമിയക്കാർ തുണിത്തരങ്ങൾ, തടികൾ, ചെമ്പ്, വെളുത്തീയം, വെള്ളി, സ്വർണ്ണം, ചിപ്പി, വിവിധ ഇനം കല്ലുകൾ എന്നിവ ഇറാൻ, തുർക്കി എന്നീ രാജ്യങ്ങളിൽ നിന്നും കച്ചവടം ചെയ്തിരുന്നു
- കാര്യക്ഷമമായ ഗതാഗത സൗകര്യം ഉണ്ടായിരുന്നു. ഭാരവണ്ടികളും, മൃഗങ്ങളും ചരക്ക് ഗതാഗത്തിന് ഉപയോഗിച്ചിരുന്നു
- ചെലവ്കുറഞ്ഞ ഗതാഗത മാർഗ്ഗം ജലഗതാഗതമായിരുന്നു

**<u>എഴുത്തുവിദ്യയുടെ വികാസം</u>**

- ആദ്യ മെസോപൊട്ടേമിയൻ ഫലകങ്ങളിൽ ചിത്രങ്ങൾ പോലുള്ള ചിഹ്നങ്ങളും അക്കങ്ങളുമാണ് ഉള്ളത്
- സമൂഹത്തിന് ഇടപാടുകളുടെ രേഖ സൂക്ഷിക്കേണ്ടിവന്നപ്പോഴാണ് എഴുത്തുവിദ്യ ആരംഭിച്ചത്
- കളിമൺ ഫലകങ്ങളിൽ മൂർച്ചയുള്ള നാരായം ഉപയോഗിച്ച് ആപ്പിന്റെ ആകൃതിയിൽ അക്ഷരചിഹ്നങ്ങൾ പതിപ്പിച്ച് ഉണക്കിയെടുത്താണ് അവർ ഉപയോഗിച്ചിരുന്നത്

**<u>ക്യൂണിഫോം</u>**

- മെസോപൊട്ടേമിയൻ ലിപി ക്യൂണിഫോം എന്നാണ് അറിയപ്പെടുന്നത്
- *ക്യൂനസ്* (ആപ്പ്) *ഫോർമ* (ആകൃതി) എന്നീ ലാറ്റിൻ പദത്തിൽ നിന്നാണ് ക്യൂണിഫോം എന്ന പദം ഉരുത്തിരിഞ്ഞത്
- നിഘണ്ടുനിർമ്മാണം, ഭൂമി ഇടപാടുകൾ, രാജകീയ പ്രവർത്തികളുടെ രേഖപ്പെടുത്തൽ, നിയമ മാറ്റങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിന് ലിപി ഉപയോഗിക്കപ്പെട്ടു
- സാഹിത്യ രചനയും നടത്തിയിരുന്നു

**<u>എഴുത്തുരീതി</u>**

- ഒരു ക്യൂണിഫോം ചിഹ്നം പ്രതിനിധാനം ചെയ്യുന്ന ശബ്ദം ഒരു ഏക വ്യഞ്ജനമോ, സ്വരമോ അല്ല മറിച്ച് അവ അക്ഷരങ്ങളാണ്
- അതുകൊണ്ട് ഒരു പകർത്തെഴുത്തുകാരന് നൂറുകണക്കിന് ചിഹ്നങ്ങൾ പഠിക്കണം. നനഞ്ഞ ഫലകങ്ങൾ കൈകാര്യം ചെയ്യാനും അതുണങ്ങുന്നതിന് മുമ്പ് അതിലെഴുതാനും എഴുത്തുകാരന് വൈദഗ്ദ്ധ്യം വേണ്ടതുകൊണ്ട് എഴുത്ത് ഒരു വിദഗ്ദ്ധ ജോലിയായിരുന്നു

**<u>സാക്ഷരത</u>**

- ഒരു വിദഗ്ദ്ധജോലി എന്ന നിലയിൽ എഴുത്തുവിദ്യ വളരെ കുറച്ച് പേർക്ക് മാത്രമെ അറിയാമായിരുന്നുള്ളു. അതുകൊണ്ട് സാക്ഷരരുടെ എണ്ണം കുറവായിരുന്നു
- രാജാവിന് എഴുത്ത് വിദ്യ അറിയാമായിരുന്നെങ്കിൽ അതൊരു വലിയ നേട്ടമായി പ്രകീർത്തിക്കപ്പെടുമായിരുന്നു

**<u>എഴുത്തുവിദ്യയുടെ ഉപയോഗം</u>**

- നഗരജീവിതവും വ്യപാരവും എഴുത്തുവിദ്യയും തമ്മിലുള്ള ബന്ധം ഒരു സുമേറിയൻ ഇതിഹാസകാവ്യം വ്യക്തമാക്കുന്നു
- ഉറൂക്കിലെ രാജാവ് എൻമെർക്കറെ കുറിച്ചുള്ള കാവ്യം ഉറുക്കിന്റെ പ്രാധാനം വ്യക്തമാക്കുന്നു
- അയൽ രാജ്യങ്ങളുമായി സാംസ്കാരിക വാണിജ്യ സമ്പർക്കത്തിന് എഴുത്തുവിദ്യ അനിവാര്യമാണ് എന്ന് ബോധ്യപ്പെടുത്താനും ഈ കാവ്യം സഹായകമാണ്
- എഴുത്തുവിദ്യ വ്യാപാരം സുഗമമാക്കി
- കണക്കുകൾ സൂക്ഷിക്കാനും, നിയമങ്ങൾ രേഖപ്പെടുത്താനും, സാഹിത്യ സൃഷ്ടിക്കും എഴുത്തുവിദ്യ പ്രയോജനകരമായി

## മെസോപൊട്ടേമിയൻ നഗരങ്ങൾ

- മെസാപൊട്ടേമിയയിൽ മൂന്ന് തരം നഗരങ്ങൾ ഉണ്ടായിരുന്നു
  1. ക്ഷേത്ര നഗരങ്ങൾ
  2. വ്യാപാര കേന്ദ്രങ്ങളായി വികസിച്ച നഗരങ്ങൾ
  3. രാജകീയ നഗരങ്ങൾ

## ക്ഷേത്രനഗരങ്ങൾ

- മെസോപൊട്ടേമിയക്കാർ ധാരാളം ക്ഷേത്രങ്ങൾ നിർമ്മിച്ചിരുന്നു. ഇവക്കുചുറ്റും ക്രമേണ ഉയർന്നുവന്ന നഗരങ്ങളാണ് ക്ഷേത്രനഗരങ്ങൾ
- ക്ഷേത്രം കേവലം ആരാധനാലയങ്ങൾ മാത്രമായിരുന്നില്ല. ധാരാളം സാമ്പത്തിക പ്രവർത്തന ങ്ങളിൽ അവ ഏർപ്പെട്ടു
- കാർഷിക വയലുകൾ, മീൻവളർത്തൽ കേന്ദ്രങ്ങൾ, പ്രാദേശിക ജനങ്ങളുടെ കാലിപ്പറ്റങ്ങൾ എന്നിവയുടെ ഉടമ സാങ്കേതികമായി ദൈവമായിരുന്നു
- എണ്ണയാട്ടൽ, ധാന്യം പൊടിക്കൽ, നൂൽനൂൽപ്പ്, നെയ്ത്ത് തുടങ്ങിയ പ്രവർത്തനങ്ങളും ക്ഷേത്രങ്ങളിൽ വെച്ചാണ് നടന്നത്
- ക്ഷേത്രങ്ങൾ ഉൽപ്പാദനം സംഘടിപ്പിച്ചു, വ്യാപാരികൾക്ക് തൊഴിലേകി, ധാന്യം ഉഴവു മൃഗ ങ്ങൾ, റൊട്ടി, ബിയർ, മദ്യം, മത്സ്യം, തുടങ്ങിയവയുടെ വിതരണത്തിന്റെ വിവിധ രേഖകൾ സൂക്ഷിച്ചു. അങ്ങനെ ക്ഷേത്രം ക്രമേണ അതിന്റെ പ്രവർത്തനങ്ങൾ വികസിപ്പിക്കുകയും പ്രധാന നഗരമായി മാറുകയുംചെയ്തു
- ഉറുക്ക് ഇത്തരത്തിൽ ഒരു ക്ഷേത്ര നഗരമായിരുന്നു

## നഗരജീവിതം

- നഗരത്തിൽ ഒരു വരേണ്യവർഗം ഉണ്ടായിരുന്നു
- അണു കുടുംബങ്ങളാണ് ഉണ്ടായിരുന്നത്
- വിവാഹ സമയത്ത് വധുവരന്മാരുടെ ആളുകൾ ഒരുമിച്ച് കൂടുകയും ഭക്ഷണം കഴിക്കുകയും, നേർച്ചയർപ്പിക്കുകയും ചെയ്തിരുന്നു
- പിതാവിന്റെ പൈതൃക സ്വത്തുക്കൾ പുത്രന്മാർക്കാണ് ലഭിച്ചിരുന്നത്
- ഊർ നഗരത്തിലെ ജനങ്ങളുടെ അധിവാസ കേന്ദ്രത്തെക്കുറിച്ച് ഉൽപ്പന്നങ്ങൾ വ്യക്തമാകുന്നു
- തെരുവുകൾ ഇടുങ്ങിയതും വളഞ്ഞതും ആയിരുന്നു
- ധാന്യങ്ങളും വിറകും കഴുതപ്പുറത്താണ് കൊണ്ടുവന്നിരുന്നത്
- ഓടുകളും മൺ പൈപ്പുകളും നടുമുറ്റത്താണ് ഉണ്ടായിരുന്നത്
- ചവറുകൾ തെരുവുകളിൽ അടിച്ചു കൂട്ടിയിരുന്നു
- തെരുവിന്റെ വിതാനം ഉയരാൻ ഇത് കാരണമായി
- അതിനനുസരിച്ച് വീടിന്റെ ഉമ്മറപ്പടിയുടെ വിതാനവും അവർ ഉയർത്തി
- വെളിച്ചം വീടിനകത്തേക്ക് പ്രവേശിച്ചിരുന്നത് വാതിലുകളിലൂടെയാണ്
- അന്ധവിശ്വാസങ്ങൾ ഉണ്ടായിരുന്നു
  - ഉയർന്ന ഉമ്മറപ്പടി സമ്പത്ത് കൊണ്ടുവരും
  - അടുത്ത വീടിന്റെ നേരെ തുറക്കാൻ പറ്റാത്ത മുൻവാതിൽ ഭാഗ്യലക്ഷണമാണ്
  - വീടിന്റെ പ്രധാന മരവാതിൽ ഉള്ളിലേക്കുള്ളതിന്റെ പകരം പുറമേക്കാണ് തുറക്കുന്നതെ ങ്കിൽ ഭാര്യ ഭർത്താവിനു ശല്യമായിതീരും
- ഊർ നഗരത്തിൽ ശ്മശാനം ഉണ്ടായിരുന്നു

**വ്യാപാരനഗരം**

- ഇടയമേഖലയിലെ വ്യാപാരനഗരമായി ഉയർന്നുവന്ന നഗരങ്ങളിൽ പ്രധാനമായിരുന്നു മാരി

**മാരി**

- രാജകീയ തലസ്ഥാനമായിരുന്നു മാരി
- കൃഷിയും കന്നുകാലി വളർത്തലുമായിരുന്നു പ്രധാന ജോലി
- ഇവിടെ ഇടയന്മാരും കർഷകരും തമ്മിൽ സംഘർഷങ്ങളും നിലനിന്നിരുന്നു
- വ്യാപാരത്തിന്റെ കേന്ദ്രസ്ഥാനമായിരുന്നു മാരി
- യൂഫ്രട്ടീസ് നദിയുടെ തീരത്താണ് മാരി സ്ഥിതിചെയ്യുന്നത്
- നദിയിലൂടെ ബോട്ടുകളിൽ കൊണ്ടുവരുന്ന, മരത്തടി, ചെമ്പ്, വെളുത്തീയം തുടങ്ങിയ സാധനങ്ങൾ ഇവിടെ വ്യാപാരം ചെയ്യപ്പെടുന്നു
- ബോട്ടുകൾ ദക്ഷിണ നഗരത്തിലേക്കുള്ള അവരുടെ യാത്രകളിൽ മാരിയിൽ നിർത്തിയിടും
- ഉദ്യോഗസ്ഥർ ചരക്കുകൾ പരിശോധിച്ച് നികുതി ഈടാക്കും
- സാധനത്തിന്റെ മൂല്യത്തിന്റെ പത്തിലൊന്നായിരുന്നു നികുതി
- മാരി സൈനികമായി ശക്തമല്ലെങ്കിലും ഐശ്വര്യവും സമൃദ്ധിയും ഉണ്ടായിരുന്നു

**നഗരജീവിതത്തിന്റെ പ്രാധാന്യം**

- മെസോപൊട്ടേമിയക്കാർ നഗരജീവിതത്തിന് വളരെയധികം പ്രാധാന്യം നൽകിയിരുന്നു
- അത് വ്യക്തമാക്കുന്ന ഇതിഹാസ കാവ്യമാണ് ഗിൽഗമേഷിന്റെ ഇതിഹാസകാവ്യം
- 12 ഫലകങ്ങളിലാണ് ഇത് എഴുതിയിട്ടുള്ളത്
- വിദൂരദേശങ്ങളെ പോലും ആക്രമിച്ചു കീഴടക്കിയ ഉറൂക്ക് നഗരത്തിലെ രാജാവായിരുന്നു ഗിൽഗമേഷ്
- തന്റെ സുഹൃത്തിന്റെ മരണശേഷം അനശ്വരതയുടെ രഹസ്യം തേടിയുള്ള അദ്ദേഹത്തിന്റെ യാത്രയും തിരിച്ചുവരവുമാണ് ഇതിന്റെ പ്രമേയം
- നഗരത്തിൽ തിരിച്ചെത്തിയ അദ്ദേഹം എല്ലാ ദുഃഖങ്ങളും നഗരത്തിൽ ഇറക്കിവെച്ച് ആശ്വാസം കണ്ടെത്തി

**എഴുത്തുവിദ്യയുടെ ശേഷിപ്പ്**

- ശാസ്ത്രവിദ്യയിൽ മെസോപൊട്ടമിയൻ സംഭാവനകൾ വിലപ്പെട്ടതാണ്
- ശാസ്ത്രത്തിലെ അവരുടെ സംഭാവന എഴുത്തുവിദ്യയുടെ നേട്ടമാണ്
- എഴുത്തുവിദ്യ കൊണ്ട് മാത്രമാണ് അവരുടെ അറിവുകൾ പിൻതലമുറക്ക് ലഭ്യമായത്
- ഗണിത ശാസ്ത്രം, കലണ്ടർ നിർമ്മാണം എന്നിവയിൽ മികച്ച സംഭാവനകൾ നൽകി
- ഹരണം, ക്ഷേത്രഫലം, വർഗ്ഗമൂലം, കൂട്ടുപലിശ എന്നിവ കണ്ടുപിടിച്ചു
- ചന്ദ്രന്റെ ഭ്രമണത്തെ അടിസ്ഥാനമാക്കി വർഷത്തെ 12 മാസങ്ങളായും മാസത്തെ നാല് ആഴ്ച്ചകളായും, ദിവസത്തെ 24 മണിക്കൂറായും, മണിക്കൂറിനെ അറുപത് മിനുട്ടായും തിരിക്കുന്ന രീതി അവരാണ് കണ്ടുപിടിച്ചത്
- സൂര്യ, ചന്ദ്ര ഗ്രഹണങ്ങൾ അവർ രേഖപ്പെടുത്തി വെച്ചു

----0000----

<u>പ്രമേയം 3</u>

## മൂന്ന് ഭൂഖണ്ഡങ്ങളിലായി വ്യാപിച്ച് കിടന്ന ഒരു സാമ്രാജ്യം

- യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക എന്നീ ഭൂഖണ്ഡങ്ങളിലായി വ്യാപിച്ചുകിടന്നിരുന്ന സാമ്രാജ്യമാണ് റോമാ സാമ്രാജ്യം
- റോം ആയിരുന്നു ഈ സാമ്രാജ്യത്തിന്റെ തലസ്ഥാനം
- ഇറ്റലിയിലെ ടൈബർ നദിയുടെ കരയിലാണ് റോം സ്ഥിതി ചെയ്യുന്നത്
- *റോമാ സാമ്രാജ്യത്തിന്റെ ഹൃദയം* എന്നറിയപ്പെടുന്നത് മെഡിറ്ററേനിയൻ സമുദ്രമാണ്
  - സ്പെയിൻ മുതൽ സിറിയ വരെ വ്യാപിച്ചുകിടക്കുന്ന സമുദ്രമാണ് ഇത്

**<u>അനാൽസ്</u>**

- സമകാലികർ എഴുതിയ ചരിത്രമാണ് അനാൽസ് എന്നറിയപ്പെടുന്നത്

**<u>പേപ്പിറോളജിസ്റ്റുകൾ</u>**

- പേപ്പിറസ് ചുരുളുകൾ കണ്ടെടുത്ത് പ്രസിദ്ധീകരിച്ച പണ്ഡിതന്മാരെയാണ് പേപ്പിറോളജിസ്റ്റുകൾ എന്ന് വിളിക്കുന്നത്

**<u>റോമാ സാമ്രാജ്യത്തിന്റെ അതിരുകൾ</u>**

- വടക്ക് : റൈൻ നദി, ഡാന്യൂബ് നദി
- തെക്ക് : സഹാറ മരുഭൂമി

### ആദ്യകാല സാമ്രാജ്യം (3-ാം നൂറ്റാണ്ട് വരെ)

- റോമൻ സാമ്രാജ്യത്തിന്റെ ചരിത്രത്തെ രണ്ടായി വിഭജിക്കുന്നു
  - ആദിമ റോമൻ സാമ്രാജ്യം (3-ാം നൂറ്റാണ്ട് വരെ)
  - പിൻക്കാല റോമൻ സാമ്രാജ്യം/അന്തിമ പുരാതന കാലം (4-ാം നൂറ്റാണ്ട് മുതൽ 7-ാം നൂറ്റാണ്ട് വരെ)

**<u>റോമൻ സാമ്രാജ്യവും ഇറാനിയൻ സാമ്രാജ്യവും തമ്മിലുള്ള വ്യത്യാസങ്ങൾ</u>**

- ഇറാനിലുള്ളതിനേക്കാൾ സാംസ്കാരിക വൈവിധ്യം റോമൻ സാമ്രാജ്യത്തിലുണ്ടായിരുന്നു
- ഇറാനിലെ ജനങ്ങളിൽ ഭൂരിഭാഗവും ഇറാനിയൻ വിഭാഗത്തിലുള്ളവരായിരുന്നു. റോമിൽ അനേകം സംസ്കാരങ്ങൾ ഇടകലർന്നിരുന്നു
- മികച്ച ഭാഷാവൈവിധ്യം റോമിലുണ്ടായിരുന്നു
- റോമൻ സാമ്രാജ്യത്തിൽ ചക്രവർത്തിയുടെ കീഴിലായിരുന്നു ഭരണം

**<u>റോമിന്റെ രാഷ്ട്രീയ ചരിത്രത്തിലെ മൂന്ന് പ്രധാന ചാലക ശക്തികൾ:</u>**

1) **<u>ചക്രവർത്തി</u>**

- BCE 509-27 കാലഘട്ടത്തിൽ റോമിൽ റിപ്പബ്ലിക്കൻ ഭരണമായിരുന്നു
- BCE 27 ൽ 'അഗസ്റ്റസ് സീസർ' (ഒക്ടേവിയൻ) റോമിന്റെ ആദ്യത്തെ ചക്രവർത്തിയായി
- അദ്ദേഹം സ്ഥാപിച്ച ഭരണം *പ്രിൻസിപ്പേറ്റ്* എന്നറിയപ്പെട്ടു
- *പ്രിൻസെപ്സ്* (പ്രഥമ പൗരൻ) എന്ന സ്ഥാനപ്പേരിലാണ് അദ്ദേഹം ഭരണം നടത്തിയത്

2) **<u>സെനറ്റ്</u>**

- ഭൂവുടമകളും കുലീനന്മാരും ഉൾപ്പെടുന്ന സമിതി
- ചക്രവർത്തിക്ക് തൊട്ടുതാഴെയായിരുന്നു ഇവരുടെ സ്ഥാനം

- സമൂഹത്തിലെ ഏറ്റവും ശക്തരായ വിഭാഗമായിരുന്നു സെനറ്റർമാർ
- ഇവരോടുള്ള പെരുമാറ്റത്തിന്റെ അടിസ്ഥാനത്തിലാണ് റോമൻ ചക്രവർത്തിമാർ പോലും വില യിരുത്തപ്പെട്ടത്

**3) <u>സൈന്യം</u>**

- സാമ്രാജ്യത്തിലെ ഏറ്റവും വലുതും സംഘടിതവുമായ ഘടകം
- ഇവർക്കിടയിൽ ഇടയ്ക്കിടെ സംഘർഷങ്ങൾ ഉണ്ടാവാറുണ്ട്
- ചക്രവർത്തിക്കും സെനറ്റിനും ഇവരെ ഭയമായിരുന്നു

**<u>മൂന്നാം നൂറ്റാണ്ടിലെ പ്രതിസന്ധി</u>**

- മൂന്നാം നൂറ്റാണ്ടിലെ പ്രതിസന്ധിയുടെ പ്രധാന കാരണം വിദേശാക്രമണമായിരുന്നു
  1) സസാനിയൻസ് (ഇറാനിയൻ) രാജവംശത്തിന്റെ ആക്രമണം
  2) ബാർബേറിയന്മാരുടെ ആക്രമണം
- 47 വർഷത്തിനുള്ളിൽ 25 ചക്രവർത്തിമാർ മാറിയത് പ്രതിസന്ധിയുടെ തെളിവാണ്

**<u>റോമൻ സമൂഹം</u>**

- അണുകുടുംബമാണുണ്ടായിരുന്നത്
- പ്രായപൂർത്തിയായ മക്കൾ സ്വന്തമായി വീട് വെച്ചാണ് താമസിച്ചിരുന്നത്
- പുരുഷാധിപത്യ സമൂഹമായിരുന്നു റോമിലേത്
- റോമിലെ സ്ത്രീകൾക്ക് സ്വത്ത് കൈവശം വെക്കാനുള്ള അധികാരം ഉണ്ടായിരുന്നു
- പിതാക്കന്മാർക്ക് മക്കളുടെ മേൽ നിയന്ത്രണം ഉണ്ടായിരുന്നു
- വിവാഹമോചനം ലളിതമായിരുന്നു
- പ്രാഥമിക സാക്ഷരതാ നിരക്ക് വ്യത്യസ്തമായിരുന്നു
  - പടയാളികൾ, സൈനിക ഉദ്യോഗസ്ഥർ, എസ്റ്റേറ്റ് മാനേജർമാർ എന്നിവർക്കിടയിൽ സാക്ഷരത ഉണ്ടായിരുന്നു
- സാമ്രാജ്യത്തിനകത്ത് സാസ്കാരിക വൈവിധ്യം നിലനിന്നിരുന്നു
  - മതവിശ്വാസം, ആരാധനാ മൂർത്തികൾ, ഭാഷ, വസ്ത്രം, ഭക്ഷണം, സാമൂഹ്യ സംഘടന

**<u>റോമൻ സാമ്രാജ്യത്തിലെ സാമ്പത്തിക വികാസം</u>**

- തുറമുഖങ്ങൾ, ഖനികൾ, ഫാക്ടറികൾ തുടങ്ങിയവ രാജ്യത്തിൽ ഉണ്ടായിരുന്നു
- ഗോതമ്പ്, വീഞ്ഞ് ഇറക്കുമതി ചെയ്തിരുന്നു
  - വീഞ്ഞും ഒലിവെണ്ണയും *ആംഫോറ* ഭരണികളിലാണ് കൊണ്ടുവന്നിരുന്നത്
  - സ്പാനിഷ് ഒലിവെണ്ണ കൊണ്ടുപോയിരുന്നത് *ഡ്രെസ്സൽ 20* എന്ന ഭരണിയിലാണ്
- ഗോതമ്പ് ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്ക് കയറ്റുമതി ചെയ്തിരുന്നു
- സ്വർണം, വെള്ളി, ഖനികളിൽ ജലോർജ്ജം ഉപയോഗിച്ച് ഖനനം നടത്തുന്ന സാങ്കേതിക വിദ്യ അവർ വളർത്തിയെടുത്തു
- സുസജ്ജമായ വാണിജ്യ ബാങ്കിങ് മേഖലകളും റോമാസാമ്രാജ്യത്തിൽ നിലനിന്നിരുന്നു
- പണത്തിന്റെ ഉപയോഗം വ്യാപകമായിരുന്നു

**<u>അടിമത്തം</u>**

- അടിമകളെ ഒരു നിക്ഷേപമായി കണ്ടു
- കൂടുതൽ അദ്ധ്വാനം വേണ്ട ജോലികൾ ചെയ്യിപ്പിച്ചിരുന്നില്ല

- രോഗബാധിത പ്രദേശങ്ങളിലും ഇവരെ ഉപയോഗിക്കാറില്ല
- ഉപരി വർഗ്ഗങ്ങൾ യാതൊരു കാരുണ്യവും കാണിച്ചിരുന്നില്ല
- യുദ്ധത്തടവുകാരെയാണ് അടിമകളാക്കിയിരുന്നത്
- അടിമപ്പണി ചെലവേറിയതായതിനാൽ കൂലിവേലക്കാരെ വ്യാപകമായി ഉപയോഗപ്പെടുത്തിയിരുന്നു
- അടിമത്തത്തിൽ നിന്ന് സ്വതന്ത്രരാക്കപ്പെട്ടവരെ ബിസിനസ്സ് മാനേജർമാരായി ഉപയോഗിച്ചിരുന്നു
- തൊഴിൽ നടത്തിപ്പിന് വലിയ പ്രാധാന്യം നൽകിയിരുന്നു
    - തൊഴിലാളികളെ ചെറിയ സംഘങ്ങളായി തിരിച്ചു

**സാമൂഹ്യ ശ്രേണികൾ**

- റോമൻ സാമ്രാജ്യത്തിൽ വ്യത്യസ്തമായ അനേകം സാമൂഹ്യ വിഭാഗങ്ങൾ നിലനിന്നിരുന്നു
- ടാസിറ്റസ് ആദിമ സാമ്രാജ്യത്തിലെ പ്രധാന സാമൂഹ്യ വിഭാഗങ്ങളെ 5 ആയി തരം തിരിക്കുന്നുണ്ട്

1) സെനറ്റർമാർ
2) അശ്വാരൂഢ വർഗ്ഗത്തിലെ പ്രമുഖർ (നൈറ്റുകൾ)
3) ജനങ്ങളിലെ ആദരണീയ വിഭാഗം (മധ്യവർഗം)
4) കീഴാള വർഗ്ഗങ്ങൾ (ഹ്യുമിലിയോറസ്)
5) അടിമകൾ

## പിൽക്കാല പൗരാണികത (4-ാം നൂറ്റാണ്ട് മുതൽ 7-ാം നൂറ്റാണ്ട് വരെ)

- റോമൻ സാമ്രാജ്യത്തിന്റെ അന്തിമ കാലഘട്ടം
- സാംസ്കാരിക സാമ്പത്തിക രംഗങ്ങളിൽ നിരവധി മാറ്റങ്ങളുണ്ടായി

**ഡയോക്ലിഷ്യൻ**

- പ്രാധാന്യം കുറഞ്ഞ പ്രദേശങ്ങൾ സാമ്രാജ്യത്തിൽ നിന്ന് ഒഴിവാക്കി
- അതിർത്തികൾ കോട്ട കെട്ടി സംരക്ഷിച്ചു
- പ്രവിശ്യകളുടെ അതിർത്തികൾ പുനഃസംഘടിപ്പിച്ചു
- പൗരൻമാരെ സൈനിക ചുമതലകളിൽ നിന്ന് ഒഴിവാക്കി
- സൈനിക കമാണ്ടർമാർക്ക് (ഡ്യൂസസ്) കൂടുതൽ സ്വയംഭരണാധികാരം നൽകി

**കോൺസ്റ്റന്റയിൻ**

- ക്രിസ്തുമതത്തെ സാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി പ്രഖ്യാപിച്ചു
- *സൊളിഡസ്* എന്ന നാണയം പുറത്തിറക്കി (സ്വർണ്ണ നാണയം)
- കോൺസ്റ്റാന്റിനോപ്പിൾ എന്ന രണ്ടാം തലസ്ഥാനം സ്ഥാപിച്ചു
- വ്യവസായ സ്ഥാപനങ്ങളിൽ കൂടുതൽ നിക്ഷേപം നടത്തി
- പുതിയ സാങ്കേതികവിദ്യ അവതരിപ്പിച്ചു
- കിഴക്കുമായുള്ള ദീർഘദൂര വ്യാപാരം പുനഃസ്ഥാപിച്ചു

**മതവിശ്വാസം**

- ബഹുദൈവ ആരാധകർ
    - പ്രധാന ദൈവങ്ങൾ: ജൂപ്പീറ്റർ, ജൂണോ, മിനർവ, മാഴ്സ്

- മതവിശ്വാസത്തിന് പേരോ ലേബലോ ഉണ്ടായിരുന്നില്ല
- യഹൂദമതവും ക്രിസ്തുമതവും സാമ്രാജ്യത്തിൽ പ്രചാരം നേടിയിരുന്നു

➢ CE 4-ാം നൂറ്റാണ്ടിൽ റോമാ സാമ്രാജ്യം രണ്ടായി വഭജിക്കപ്പെട്ടു
- പശ്ചിമ റോമൻ സാമ്രാജ്യം
- പൂർവ്വ റോമൻ സാമ്രാജ്യം (ബൈസാന്റൈൻ സാമ്രാജ്യം)

➢ പശ്ചിമ റോമൻ സാമ്രാജ്യത്തെ ആക്രമിച്ച ജർമാനിക് വിഭാഗങ്ങൾ (ബാർബേറിയൻമാർ)
- ഗോത്തുകൾ, വാൻഡലുകൾ, ലൊംബാർഡുകൾ

| **ജർമാനിക് വിഭാഗങ്ങൾ** | **രാജ്യങ്ങൾ** |
|---|---|
| ഗോത്തുകൾ | സ്പെയിൻ |
| ഫ്രാങ്കുകൾ | ഗൗൾ |
| ലൊംബാർഡുകൾ | ഇറ്റലി |

➢ പ്ലിനിയുടെ ഗ്രന്ഥം: *നാച്ചുറൽ ഹിസ്റ്ററി*

**----0000----**

## പ്രമേയം 4

# മധ്യ ഇസ്ലാമിക പ്രദേശങ്ങൾ

### മധ്യ ഇസ്ലാമിക രാജ്യങ്ങളെക്കുറിച്ച് അറിവ് നൽകുന്ന സ്രോതസ്സുകൾ

- ദിനവൃത്താന്തങ്ങൾ
- ജീവചരിത്രങ്ങൾ
- പ്രവാചകന്റെ പ്രവർത്തനങ്ങളുടെയും, വചനങ്ങളുടെയും രേഖകൾ
- ഖുറാന്റെ വ്യാഖ്യാനങ്ങൾ
- ഇസ്ലാമിക നിയമം, ദൈവിക ശാസ്ത്രം എന്നിവയെക്കുറിച്ച് പഠനം നടത്തിയ പണ്ഡിതനാണ് ഇഗ്നസ് ഗോൾഡ്സിഹർ

### ഇസ്ലാം മതത്തിന്റെ ഉയർച്ച: വിശ്വാസം, സമുദായം രാഷ്ട്രീയം

- ഇസ്ലാം മതം ഉത്ഭവിച്ചത് അറേബ്യയിലാണ്
- പ്രവാചകനായ മുഹമ്മദ് നബി CE 610-632 കാലഘട്ടത്തിലാണ് പ്രബോധനങ്ങൾ നടത്തിയത്
- മക്കയിലെ ഖുറൈശി ഗോത്രത്തിലാണ് പ്രവാചകൻ ജനിച്ചത്
- ഇസ്ലാം എന്ന പദത്തിന്റെ അർത്ഥം 'ദൈവത്തിന് കീഴടങ്ങുക' എന്നാണ്
- അറബികൾ പല ഗോത്രങ്ങളായിട്ടാണ് അക്കാലത്ത് ജീവിച്ചിരുന്നത്
- വിശ്വാസികളുടെ ഒരു സമൂഹം സ്ഥാപിക്കുക എന്നതായിരുന്നു നബിയുടെ ലക്ഷ്യം
- പുതിയ മതത്തെ മക്കയുടെ അന്തസ്സിനും പുരോഗതിക്കും ഭീഷണിയായി കണ്ട പ്രമാണിമാർ പ്രവാചകനെയും അനുയായികളെയും പീഡിപ്പിക്കാനും അപായപ്പെടുത്താനും ശ്രമിച്ചപ്പോൾ നബിയും അനുയായികളും മക്കയിൽ നിന്നും മദീനയിലേക്ക് പലായനം ചെയ്തു
- ഈ സംഭവം ചരിത്രത്തിൽ *ഹിജ്റ* എന്നറിയപ്പെടുന്നു
- പ്രവാചകൻ മദീനയിൽ എത്തിയ വർഷം (CE 622) ഹിജ്റ എന്ന കലണ്ടറിന് തുടക്കം കുറിച്ചു
- മദീന നഗരത്തിന്റെ ഭരണാധികാരിയും മതാചാര്യനുമായ പ്രവാചകൻ സുശക്തമായ ഒരു ഭരണകൂടം സ്ഥാപിച്ചു
- CE 630 ൽ മുഹമ്മദ് നബി മക്ക കീഴടക്കി
- പിന്നീട് മദീന ഇസ്ലാമിക രാഷ്ട്രത്തിന്റെ തലസ്ഥാനവും മക്ക അതിന്റെ മതകേന്ദ്രവുമായി ത്തീർന്നു
- മുഹമ്മദ് നബി CE 632 ൽ മദീനയിൽ വെച്ച് അന്തരിച്ചു
- നബിയുടെ പിൻഗാമി ആരായിരിക്കണം എന്നതിനെ സംബന്ധിച്ച് പിന്തുടർച്ച നിയമം രൂപപ്പെടുത്തിയിരുന്നില്ല
- മരണശേഷം രാഷ്ട്രീയ അധികാരം വിശ്വാസികളുടെ സമുദായത്തിന് (*ഉമ്മ*) കൈമാറ്റം ചെയ്യപ്പെട്ടു
- അതിന് ശേഷം ഉണ്ടായ പ്രധാനപ്പെട്ട പരിഷ്കാരം ഖലീഫ ഭരണത്തിന്റെ രൂപീകരണമാണ്
- സമുദായത്തിന്റെ നേതാവ് പ്രവാചകന്റെ പ്രതിനിധി അഥവാ *ഖലീഫ* ആയിത്തീർന്നു

### ഖലീഫ ഭരണം

- മുഹമ്മദ് നബിയുടെ മരണശേഷം രാഷ്ട്രീയ അധികാരം വിശ്വാസികളുടെ സമുദായമായ 'ഉമ്മ' യുടെ കൈകളിൽ എത്തിച്ചേർന്നു
- അതുപ്രകാരം സമുദായത്തിന്റെ നേതാവ് ഖലീഫ ആയിത്തീർന്നു

**<u>നാല് ഖലീഫമാർ</u>**

1) അബൂബക്കർ
2) ഉമർ
3) ഉസ്മാൻ
4) അലി

- നാലാം ഖലീഫയുടെ കാലത്ത് ഇസ്ലാം മതം ശിയ, സുന്നി എന്നിങ്ങനെ രണ്ടായി വേർപിരിഞ്ഞു
- മുഹമ്മദ് നബിയുടെ വിധവ ആയിഷ അലിക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു
- ഒട്ടകയുദ്ധത്തിൽ (Battle of Camel) അലി ആയിഷയുടെ സൈന്യത്തെ പരാജയപ്പെടുത്തി
- എന്നാൽ മുആവിയയുടെ നേതൃത്വത്തിലുള്ള സൈന്യം അലിയെ പരാജയപ്പെടുത്തി

**<u>ഉമയ്യദുകൾ</u>**

- അഞ്ചാമത്തെ ഖലീഫ ആയ മുആവിയയാണ് ഉമയ്യദ് വംശത്തിന്റെ സ്ഥാപകൻ
- അദ്ദേഹം തലസ്ഥാനം ദമാസ്ക്കസിലേക്കു മാറ്റി

**<u>അബ്ദുൽ മാലികിന്റെ സംഭാവനകൾ</u>**

- അബ്ദുൽ മാലിക് അറബി ഭരണ ഭാഷയായി സ്വീകരിച്ചു
- ഇസ്ലാമിക നാണയ വ്യവസ്ഥ കൊണ്ടുവന്നു
- നാണയങ്ങളിൽ അറബ് കൊത്തുലിഖിതങ്ങൾ ഏർപ്പെടുത്തി
- ജറുസലേമിൽ **ഡോം ഓഫ് ദി റോക്ക്** പികഴിപ്പിച്ചു

**<u>അബ്ബാസിദ് വിപ്ലവം</u>**

- CE 750 ൽ *ദവ* എന്ന പ്രസ്ഥാനം ഉമയ്യദുകളെ പരാജയപ്പെടുത്തി അബ്ബാസിദുകളെ അധികാരത്തിൽ കൊണ്ടുവന്നു
- പ്രവാചകന്റെ മാതുലനായ അബ്ബാസിന്റെ പിൻഗാമികളായിരുന്നു അബ്ബാസിദുകൾ
- ഇറാനിലെ ഖുറാസാൻ എന്ന സ്ഥലത്താണ് വിപ്ലവം പൊട്ടിപ്പുറപ്പെട്ടത്
- ഖുറാസാനിലെ അറബ് പോരാളികളിൽ ഭൂരിഭാഗവും ഇറാനിൽ നിന്നുള്ളവരായിരുന്നു
- അബ്ബാസിദ് സൈന്യത്തെ നയിച്ചത് ഇറാനിയൻ അടിമ ആയിരുന്ന അബു മുസ്ലിം ആയിരുന്നു
- സാബ് നദിക്കരയിൽ വെച്ചുണ്ടായ യുദ്ധത്തിൽ അവസാനത്തെ ഉമയ്യദ് ഖലീഫയായ മർവാനെ അബ്ബാസിദുകൾ പരാജയപ്പെടുത്തി
- അബ്ബാസിദുകൾ തലസ്ഥാനം ബാഗ്ദാദിലേക്കു മാറ്റി
- അബ്ബാസിദ് ഭരണത്തിൽ അറബ് സ്വാധീനം കുറയുകയും ഇറാനിയൻ സ്വാധീനം വർദ്ധിക്കുകയും ചെയ്തു

**<u>കുരിശുയുദ്ധങ്ങൾ</u>**

- 11, 12 നൂറ്റാണ്ടുകളിൽ ക്രിസ്ത്യാനികളും മുസ്ലിങ്ങളും തമ്മിൽ നടത്തിയ യുദ്ധങ്ങൾക്കാണ് കുരിശുയുദ്ധങ്ങൾ എന്ന് പറയുന്നത്
- ഈ യുദ്ധങ്ങളുടെ പ്രധാന കാരണം മതപരമായിരുന്നു
- ക്രിസ്ത്യാനികളുടെ പുണ്യഭൂമിയായ ജെറുസലേം അറബികളിൽ നിന്ന് തിരിച്ച് പിടിക്കുക എന്നതായിരുന്നു യുദ്ധത്തിന്റെ പ്രധാന ലക്ഷ്യം
- 1095 നും 1291 നും മദ്ധ്യേ നാല് പ്രധാന കുരിശുയുദ്ധങ്ങൾ നടക്കുകയുണ്ടായി

- ഒന്നാം കുരിശുയുദ്ധത്തിൽ ഫ്രാൻസിൽ നിന്നും ഇറ്റലിയിൽ നിന്നുമുള്ള പടയാളികൾ ജെറുസലേമും ആന്റിയോക്കും പിടിച്ചെടുത്തു
- ഒന്നാം കുരിശുയുദ്ധത്തിൽ ക്രിസ്ത്യാനികൾ വിജയിച്ചു
- നഗരത്തിലെ മുസ്ലിങ്ങളെയും യഹൂദരെയും ഇവർ കൂട്ടക്കൊല ചെയ്തു
- 1187 ൽ സലാം അൽ ദിൻ കുരിശുയുദ്ധക്കാരെ പരാജയപ്പെടുത്തി ജെറുസലേം തിരിച്ചുപിടിച്ചു
- 1189 ൽ മൂന്നാം കുരിശുയുദ്ധം ആരംഭിച്ചു
- ജെറുസലേം നഷ്ടപ്പെട്ടതാണ് മൂന്നാം കുരിശുയുദ്ധത്തിന് ആഹ്വാനമേകാൻ പോപ്പിനെ പ്രേരിപ്പിച്ചത്
- കാര്യമായ നേട്ടങ്ങൾ ഒന്നും കുരിശുയുദ്ധക്കാർക്ക് ലഭിച്ചില്ല
- കുരിശുയുദ്ധം മുസ്ലിം രാഷ്ട്രങ്ങൾക്ക് ക്രിസ്ത്യാനികളോടുള്ള സമീപനത്തിൽ മാറ്റം വരാനും പൗരന്മാരോട് കർശന മനോഭാവം സ്വീകരിക്കാനും കാരണമായിട്ടുണ്ട്
- കുരിശുയുദ്ധം പാശ്ചാത്യരും പൗരസ്ത്യരും തമ്മിലുള്ള കച്ചവട ബന്ധം വികസിക്കാനും കാരണമായി

<u>**വിജ്ഞാനവും സംസ്കാരവും**</u>

**1. നിയമ സംഹിത**

- മുസ്ലിം പണ്ഡിതന്മാർ തയ്യാറാക്കിയ നിയമ സംഹിതകളാണ് 'ശരിയത്ത്'
- ഇസ്ലാമിക നിയമത്തിന്റെ 4 ചിന്താരീതികൾ രൂപപ്പെട്ടു

 1) മാലികി
 2) ഹനഫി
 3) ഷാഫി
 4) ഹൻബലി

**2. സൂഫിസം**

- മധ്യ കാലഘട്ടത്തിൽ ഇസ്ലാമതത്തിലുണ്ടായ ഒരു പരിഷ്കരണ പ്രസ്ഥാനമാണ് സൂഫിസം
- ഭൗതീക ജീവിതത്തോടും സുഖ സൗകര്യങ്ങളോടും സമൂഹം കാണിച്ച താൽപര്യത്തെ സൂഫികൾ വിമർശിച്ചു
- പ്രാർത്ഥനക്കും സ്നേഹത്തിനും അവർ പ്രാധാന്യം നൽകി
- ബസ്രയിലെ സന്യാസിനിയായ റാബിയ, സൂഫി സന്യാസിയായ ബയാസിദ് ബിസ്താമി തുടങ്ങിയവർ ദൈവസ്നേഹത്തിലൂടെ മനുഷ്യന് ദൈവവുമായി ഒന്നിക്കാൻ കഴിയും എന്ന് വിശ്വസിച്ചു

**3. തത്വശാസ്ത്രവും ശാസ്ത്രവും**

- അരിസ്റ്റോട്ടിലിന്റെ കൃതികൾ, യൂക്ലിഡിന്റെ ***എലമെന്റ്സ്***, ടോളമിയുടെ ***അൽമജെസ്റ്റ്*** എന്നിവ അറബ് പണ്ഡിതന്മാരെ സ്വാധീനിച്ചു
- ഒരു വൈദ്യനും തത്വ ചിന്തകനുമായ ഇബ്നു സിന രചിച്ച പുസ്തകമാണ് ***'കാനൻ ഓഫ് മെഡിസിൻ'***
- ഇതിൽ 750 ൽപ്പരം മരുന്നുകളെക്കുറിച്ചും പഥ്യാഹാരത്തെക്കുറിച്ചും വിശദീകരിക്കുന്നു
- പരിസ്ഥിതിയും കാലാവസ്ഥയും ആരോഗ്യത്തിൽ ചെലുത്തുന്ന സ്വാധീനം, ചില രോഗങ്ങളുടെ സാംക്രമിക സ്വഭാവം തുടങ്ങിയവയും ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നു
- ഇബൻസിന യൂറോപ്പിൽ അവിസെന്ന എന്നാണ് അറിയപ്പെട്ടിരുന്നത്

**4. ഭാഷയും സാഹിത്യവും**

- ഈ കാലഘട്ടത്തിൽ ധാരാളം ഭാവഗീതങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്

- വീഞ്ഞ്, പുരുഷ പ്രണയം എന്നിവയെ ആധാരമാക്കി അബു നവാസ് കവിതകൾ രചിച്ചു
- രുദകിയാണ് പുതിയ പേർഷ്യൻ കാവ്യത്തിന്റെ പിതാവ്
- ഇതിൽ ചെറിയ ഗസലുകളും നാലുവരി കവിതകളും (റുബായ്) ഉൾപ്പെടുന്നു
- ***ഷാനാമ*** യുടെ രചയിതാവ് ഫിർദൗസിയാണ്
- ആയിരത്തൊന്ന് രാവുകൾ, ബാലദുരി രചിച്ച ***ജീനിയോളജി ഓഫ് ദി നോബിൾസ്***, തബരി യുടെ ***പ്രവാചകന്മാരുടെയും രാജാക്കന്മാരുടെയും ചരിത്രം***, അൽബിറൂനിയുടെ ***തഹ്കിക് അൽ ഹിന്ദ്*** ഇവ ഈ കാലഘട്ടത്തിലെ സൃഷ്ടികളാണ്

**കലയും വാസ്തുശില്പകലയും**

- മുസ്ലിം പള്ളികൾക്കു വ്യത്യസ്തമായ ഒരു വാസ്തുശിൽപ്പശൈലി ഉണ്ടായിരുന്നു
- ഓരോ പള്ളിയിലും തുറസ്സായ നടുമുറ്റവും കുളവും, പള്ളിക്കുള്ളിൽ ഒരു ഹാളും ഉണ്ടായി രുന്നു
- ഹാളിന്റെ ഉൾഭാഗത്ത് ഒരു പ്രസംഗം വേദിയും, ദിശകാണിക്കുന്ന മിഹ്റാബും ഉണ്ട്
- ഇസ്ലാമിക കലയിൽ കാലിഗ്രാഫിയും അറബെസ്കും പ്രചാരം നേടി

**----0000----**

## പ്രമേയം 5

## നാടോടി സാമ്രാജ്യങ്ങൾ

- മധ്യേഷ്യയിലെ പുൽമേട്ടുകളിൽ ഉണ്ടായിരുന്ന നിരവധി ഗോത്രങ്ങളുടെ ഒരു കൂട്ടായ്മയാണ് മംഗോളിയന്മാർ
- 13 ഉം 14 ഉം നൂറ്റാണ്ടുകളിൽ ചെങ്കിസ് ഖാന്റെ നേതൃത്വത്തിൽ അവർ ഒരു സാമ്രാജ്യം സ്ഥാപിച്ചു
- യൂറോപ്പിലും ഏഷ്യയിലുമെല്ലാം അവരുടെ സാമ്രാജ്യം വ്യാപിച്ചിരുന്നു
- ലളിതവും സങ്കീർണ്ണത കുറഞ്ഞതുമായ ഒരു സാമൂഹ്യ സാമ്പത്തിക ലോകമായിരുന്നു മംഗോളിയരുടേത്
- ഭീതിജനകമായ ഒരു സൈനിക സംവിധാനവും പരിഷ്കൃതമായ ഒരു ഭരണരീതിയും അവർ വികസിപ്പിച്ചെടുത്തിരുന്നു
- മംഗോളിയന്മാരെക്കുറിച്ച് ഏറ്റവും മികച്ച ഗവേണങ്ങൾ നടത്തിയത് റഷ്യക്കാരായിരുന്നു
- മംഗോളിയൻ സാമ്രാജ്യത്തെക്കുറിച്ചുള്ള മികച്ച ഗ്രന്ഥങ്ങളിലൊന്നായിരുന്നു ഇഗോർ ദി റേച്ച് വിൽറ്റ്സിന്റെ ***ദി സീക്രട്ട് ഹിസ്റ്ററി ഓഫ് ദി മംഗോൾസ്*** എന്ന ഗ്രന്ഥം

### സാമൂഹികവും രാഷ്ട്രീയവുമായ പശ്ചാത്തലം

- മംഗോളിയരിൽ വ്യത്യസ്ത ജനവിഭാഗങ്ങളും ഗോത്രങ്ങളും ഉണ്ടായിരുന്നു
  - ടറ്റാർ, ഖിട്ടാൻ, മഞ്ചുക്കൾ, ടർക്കിക് ഗോത്രങ്ങൾ
- പുൽമേട്ടുകളിൽ നാടോടി ജീവിതമാണ് അവർ നയിച്ചിരുന്നത്
- മംഗോളിയരിൽ ഇടയന്മാരും വേട്ടയാടുന്നവരും ഉണ്ടായിരുന്നു
- അവർ കൃഷി ചെയ്തിരുന്നില്ല
- അവർക്ക് നഗരങ്ങളും ഇല്ലായിരുന്നു
- കൂടാരങ്ങളിലാണ് അവർ താമസിച്ചിരുന്നത്
- ഭക്ഷ്യ ക്ഷാമം ഉണ്ടാകുമ്പോൾ പുൽമേട്ടുകൾക്കും വളർത്തുമൃഗങ്ങൾക്കും വേണ്ടി മംഗോളിയർക്കിടയിൽ സംഘർഷങ്ങൾ ഉണ്ടാവാറുണ്ട്
- ചൈനക്കാരുമായി അവർ സംഘർഷങ്ങളിലേർപ്പെട്ടിരുന്നെങ്കിലും അവർക്കിടയിൽ വ്യാപാര ബന്ധങ്ങളും ഉണ്ടായിരുന്നു

### ചെങ്കിസ് ഖാന്റെ ജീവിത ഗതി

- ടെമുജിൻ എന്നായിരുന്നു ചെങ്കിസ് ഖാന്റെ യഥാർത്ഥ പേര്
- അദ്ദേഹത്തിന്റെ പിതാവ് ഒരു ഗോത്രത്തലവനായിരുന്നു
- ടെമുജിന് 12 വയസ്സായപ്പോൾ അദ്ദേഹത്തിന്റെ പിതാവ് കൊല്ലപ്പെട്ടു
- പിന്നീട് മാതാവാണ് അദ്ദേഹത്തെയും സഹോദരന്മാരെയും നോക്കിവളർത്തിയത്
- ഈ കാലത്ത് ഒരുപാട് പ്രതിസന്ധികൾ അദ്ദേഹത്തിന് നേരിടേണ്ടതായി വന്നു
  - അദ്ദേഹത്തെ ഒരു ഗോത്രവിഭാഗം തട്ടിക്കൊണ്ടുപോയി അടിമയാക്കി
  - വിവാഹശേഷം അദ്ദേഹത്തിന്റെ ഭാര്യയേയും എതിർ ഗോത്രക്കാർ തട്ടിക്കൊണ്ടു പോയിരുന്നു
- പരസ്പരം കലഹിച്ചുകൊണ്ടിരുന്ന മംഗോളിയൻ ഗോത്രങ്ങളെ കൂട്ടിയിണക്കി ഒരു രാഷ്ട്രം കെട്ടിപ്പടുക്കാൻ അദ്ദേഹം ആഗ്രഹിച്ചു
- മംഗോളിയരുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു നേതാവായി അദ്ദേഹം ഉയർന്നു വന്നു
- ശക്തമായ ഒരു സൈന്യത്തെ അദ്ദേഹം രൂപീകരിച്ചു

- എതിരാളികളായ മംഗോൾ ഗോത്രങ്ങളെ അദ്ദേഹം പരാജയപ്പെടുത്തി
- മറ്റുള്ളവരുമായി സമാധാനം സ്ഥാപിച്ചു
- തുടർന്ന് ചൈന, ഖ്വാരസാം, റഷ്യ, അഫ്ഗാനിസ്ഥാൻ, പേർഷ്യ, സിന്ധ് എന്നിവയെല്ലാം അദ്ദേഹം കീഴടക്കി
- പ്രതികൂല കാലാവസ്ഥയും, ജ്യോതിഷികളുടെ പ്രവചനങ്ങളും ഇന്ത്യൻ ആക്രമണത്തിൽ നിന്ന് അദ്ദേഹത്തെ പിന്തിരിപ്പിച്ചു
- ഭരണത്തിലും സൈന്യത്തിലും എല്ലാ വംശീയ-മത വിഭാഗങ്ങളെയും ഉൾപ്പെടുത്തി
- ഒരു പ്രാഥമിക വിദ്യാഭ്യാസ പദ്ധതി അദ്ദേഹം ആവിഷ്കരിച്ചിരുന്നു
- വാണിജ്യ പാതകളും വിപണികളും വീണ്ടെടുത്തു
- ശാന്ത സമുദ്രം മുതൽ നിപ്പർ നദിവരെ ചെങ്കിസ് ഖാന്റെ സാമ്രാജ്യം വ്യാപിച്ചിരുന്നു
- 1227 ൽ ചെങ്കിസ് ഖാൻ അന്തരിച്ചു

**മംഗോളിയർ ചെങ്കിസ് ഖാന് ശേഷം**

- ചെങ്കിസ് ഖാന്റെ നാല് പുത്രന്മാർ:
  - ജോച്ചി, ഒഗോഡി, തൊലുയ്, ചഗട്ടേ
- ഇക്കാലത്ത് സൈനിക രംഗത്ത് മംഗോളിയർക്ക് നിരവധി തിരിച്ചടികൾ നേരിട്ടു
- പാശ്ചാത്യ രാജ്യങ്ങൾ മംഗോളിയർക്ക് നഷ്ടപ്പെട്ടു
- ചൈന അവർ കൈവശപ്പെടുത്തി
- പിന്തുടർച്ചാവകാശവുമായി ബന്ധപ്പെട്ട രാഷ്ട്രീയ പ്രശ്നങ്ങളും അവർക്കിടയിൽ ഉടലെടുത്തു

## സാമൂഹിക-രാഷ്ട്രീയ-സൈനിക സംവിധാനം

**സൈനിക സംവിധാനം**

- മംഗോളിയരിലെ എല്ലാ പുരുഷന്മാരും ആയുധങ്ങൾ ധരിച്ചിരുന്നു
- ഇവർ ഒരു സേനയായി പ്രവർത്തിച്ചു
- പുൽമേടുകളിലെ പോരാട്ട പാരമ്പര്യങ്ങളിൽ ചെങ്കിസ് ഖാൻ മാറ്റങ്ങൾ വരുത്തിയിരുന്നു
- പുതിയ യുദ്ധമുറകളും സൈനിക തന്ത്രങ്ങളും അദ്ദേഹം ആവിഷ്കരിച്ചു
- ചെങ്കിസ് ഖാന്റെ സൈനിക സംവിധാനം 'താമ' എന്നാണ് അറിയപ്പെട്ടിരുന്നത്
- ദശാംശ സമ്പ്രദായത്തിലാണ് സൈന്യത്തെ രൂപീകരിച്ചത്
  - 10, 100, 1000, 10000, etc.
- വ്യത്യസ്ത ഗോത്രങ്ങളേയും കുലങ്ങളേയും ഒരു സൈനിക യൂണിറ്റിൽ ഉൾപ്പെടുത്തി
- കുതിരയോട്ടത്തിലുള്ള വൈദഗ്ധ്യം അദ്ദേഹത്തിന്റെ സൈന്യത്തിന് വേഗതയും ചലനാത്മകതയും നൽകി
- കുതിരപ്പുറത്തിരുന്ന് അതിവേഗം വെടിയുതിർക്കാൻ അദ്ദേഹത്തിന്റെ കുതിരപ്പടയാളികൾക്ക് സാധിച്ചിരുന്നു
- ശൈത്യകാലത്ത് മഞ്ഞുറഞ്ഞ് കിടക്കുന്ന നദികളെ അദ്ദേഹത്തിന്റെ കുതിരപ്പട ഹൈവെകളെപ്പോലെ ഉപയോഗിച്ചു
- കോട്ട പിടിച്ചെടുക്കാനുള്ള യന്ത്രങ്ങളും, എണ്ണകൊണ്ടുള്ള തീ ബോംബുകളും ചെങ്കിസ് ഖാന്റെ എഞ്ചിനീയർമാർ അദ്ദേഹത്തിന് നിർമ്മിച്ചു നൽകിയിരുന്നു
- ചാരൻമാരെയും അദ്ദേഹം ഉപയോഗപ്പെടുത്തിയിരുന്നു

- പരിക്കേൽക്കുന്ന സൈനികരെ ചികിത്സിക്കാനുള്ള മെഡിക്കൽ സൗകര്യങ്ങളും ഏർപ്പെടുത്തിയിരുന്നു

| | |
|---|---|
| **നോയൻ** | സൈനിക യൂണിറ്റുകളുടെ ക്യാപ്റ്റൻ |
| **അണ്ട/രക്തസഹോദരൻമാർ** | അദ്ദേഹത്തിന്റെ വിശ്വസ്തരായ അനുയായികൾ |
| **നൗകർ** | താഴ്ന്ന പദവിയിലുള്ള അനുയായികൾ |

- പുതുതായി കീഴടക്കിയ പ്രദേശങ്ങളെ 'ഉലസ്' എന്നാണ് വിളിച്ചിരുന്നത്
- ഉലസിന്റെ ഭരണം നടത്തിയിരുന്നത് അദ്ദേഹത്തിന്റെ നാല് പുത്രന്മാരായിരുന്നു

| | |
|---|---|
| **ജോച്ചി** | റഷ്യൻ പുൽമേട്ടുകൾ |
| **ചഗട്ടേ** | ട്രാൻസ് ഓക്സിയാന പുൽമേട്ടുകൾ |
| **ഒഗോഡി** | ചെങ്കിസ് ഖാന്റെ പിൻഗാമി |
| **തൊലുയു** | പരമ്പരാഗത ഭൂമികൾ |

## ക്യൂരിൽതായ്

- മംഗോളിയൻ ഗോത്രങ്ങളിലെ പ്രതിനിധികളുടെ അസംബ്ലി
- 1206 ൽ ഈ അസംബ്ലി ടെമുജിനെ മംഗോളിയരിലെ 'മഹാനായ ഖാൻ' ആയി പ്രഖ്യാപിച്ചു
- 'ഓഷ്യാനിക് ഖാൻ' 'ചെങ്കിസ് ഖാൻ' എന്നീ പേരുകളും അദ്ദേഹത്തിന് നൽകിയിരുന്നു
- 'ഖാൻ' എന്ന പദത്തിന്റെ അർത്ഥം 'നേതാവ്', 'ഭരണാധികാരി' എന്നൊക്കെയായിരുന്നു
- കുടുംബവുമായോ, രാഷ്ട്രവുമായോ ബന്ധപ്പെട്ട എല്ലാ തീരുമാനങ്ങളും ക്യൂരിൽതായിൽ വെച്ചാണ് കൈക്കൊണ്ടിരുന്നത്
  - ആക്രമണങ്ങൾ, കൊള്ളമുതലിന്റെ വിതരണം, പുൽമേട്ടുകളുടെ വിതരണം, പിന്തുടർച്ചാവകാശം, etc.

## യാം (കൊറിയർ സമ്പ്രദായം)

- ചെങ്കിസ് ഖാൻ നടപ്പിലാക്കിയ തപാൽ സമ്പ്രദായമാണ് യാം
- അദ്ദേഹത്തിന്റെ ഏറ്റവും മികച്ച സംഭാവനയായിരുന്നു യാം
- തപാൽ ഓഫീസുകൾ, കാവൽപ്പുരകൾ, സന്ദേശവാഹകർ, കുതിരകൾ എന്നിവയെല്ലാം ഇതിന്റെ ഭാഗമായി ഉണ്ടായിരുന്നു
- സാമ്രാജ്യത്തിലെ വിദൂരദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കാൻ യാമിന് കഴിഞ്ഞു
- യാമിന്റെ പ്രവർത്തനത്തിനായി മംഗോളിയർ അവരുടെ മൃഗങ്ങളിലെ പത്തിലൊരു ഭാഗം സ്വമേധയാ നികുതിയായി നൽകിയിരുന്നു
- 'കുബ്കർ നികുതി' എന്നാണ് ഇത് അറിയപ്പെട്ടിരുന്നത്
- യാമിന്റെ വേഗതയും വിശ്വാസ്യതയും സഞ്ചാരികളെപ്പോലും അദ്ഭുതപ്പെടുത്തിയിരുന്നു

## യാസ (നിയമസംഹിത)

- ചെങ്കിസ് ഖാന്റെ നിയമ സംഹിത യാസ എന്നറിയപ്പെട്ടു
- ഭരണപരമായ നിയന്ത്രണങ്ങൾ, നായാട്ട്, സൈന്യം, തപാൽ എന്നിവയെല്ലാം സംബന്ധിച്ച കൽപ്പനകളും ഉത്തരവുകളുമാണ് ഇതിൽ ഉണ്ടായിരുന്നത്
- കുടിപ്പക, വ്യഭിചാരം, മോഷണം, കള്ളസാക്ഷി പറയൽ, സ്ത്രീകളെ തട്ടിക്കൊണ്ടുപോകൽ എന്നിവ നിരോധിച്ചു

- പ്രകൃതി സംരക്ഷണത്തിന് യാസയിൽ വലിയ പ്രാധാന്യം നൽകിയിരുന്നു
- 1206 ൽ കുരിൽതായിൽ വെച്ചാണ് യാസ പ്രഖ്യാപിച്ചത്
- യഥാർത്ഥത്തിൽ മംഗോളിയൻ ഗോത്രങ്ങളുടെ ആചാര പാരമ്പര്യങ്ങളുടെ ഒരു സമാഹാരമായിരുന്നു യാസ
- മംഗോളിയൻ സാമ്രാജ്യം നിലനിർത്തുന്നതിനും അവരുടെ ആഗോള മേധാവിത്വം നടപ്പിലാക്കുന്നതിലും യാസ പ്രധാന പങ്ക് വഹിച്ചു

**<u>ചെങ്കിസ് ഖാനും മംഗോളിയർക്കും ലോകചരിത്രത്തിലുള്ള സ്ഥാനം</u>**

- മംഗോളിയരുടെ എക്കാലത്തെയും മഹാനായ ഭരണാധികാരിയായിരുന്നു ചെങ്കിസ് ഖാൻ
- അദ്ദേഹം മംഗോളിയൻ ജനതയെ ഏകീകരിച്ചുനിർത്തി ഒരു വലിയ സാമ്രാജ്യം സ്ഥാപിച്ചു
- ഗോത്രയുദ്ധങ്ങളിൽ നിന്നും ചൈനക്കാരുടെ ചൂഷണത്തിൽ നിന്നും മംഗോളിയരെ രക്ഷിച്ചു
- രാജ്യത്തിന് പുരോഗതിയും ഐശ്വര്യവും കൊണ്ടുവന്നു
- ലോക സംസ്കാരത്തിന് മംഗോളിയർ വിലപിടിച്ച സംഭാവനകൾ നൽകിയിട്ടുണ്ട്
- പല മത വിശ്വാസങ്ങളിൽപ്പെട്ടവരായിരുന്നു മംഗോളിയർ
- വ്യക്തിപരമായ വിശ്വാസങ്ങളെ ഒരു പൊതുനയമായി ഒരിക്കലും അവർ അടിച്ചേൽപ്പിച്ചിരുന്നില്ല
- വിവിധ മത-വംശീയ വിഭാഗങ്ങളെ അവർ ഭരണരംഗത്തും സൈന്യത്തിലും നിയോഗിച്ചിരുന്നു

----oooo----

## പ്രമേയം 6

## മൂന്ന് വിഭാഗങ്ങൾ

- 9 ഉം 16 ഉം നൂറ്റാണ്ടുകൾക്ക് മധ്യേ പശ്ചിമ യൂറോപ്പിൽ ഉണ്ടായ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ മാറ്റങ്ങളാണ് പ്രധാനമായും ഈ പാഠഭാഗത്തിൽ വിവരിക്കുന്നത്
- മൂന്ന് സാമൂഹിക വിഭാഗങ്ങളാണ് മൂന്ന് ക്രമങ്ങൾ
    1. പുരോഹിത വർഗ്ഗം
    2. പ്രഭുവർഗ്ഗം
    3. കർഷകർ

### ഉറവിടങ്ങൾ

- പ്രമാണങ്ങൾ
- ഭൂവുടമസ്ഥാവകാശ രേഖകൾ
- കേസിന്റെ രേഖകൾ
- പള്ളികളിലെ ജനന മരണ, വിവാഹ രേഖകൾ
- കൊത്തു ലിഖിതങ്ങൾ
- പാട്ടുകളും കഥകളും

### ഫ്യൂഡലിസം

- മധ്യകാലഘട്ടത്തിൽ യൂറോപ്പിൽ നിലനിന്നിരുന്ന സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയ-നിയമ ബന്ധങ്ങളെയാണ് ഫ്യൂഡലിസം എന്ന് വിശേഷിപ്പിക്കുന്നത്
- *ഫ്യൂഡ്* എന്ന പദത്തിൽ നിന്നാണ് ഫ്യൂഡലിസം ഉണ്ടായത്
- മാർക്ക് ബ്ലോക്കിന്റെ ഗ്രന്ഥമാണ് *ഫ്യൂഡൽ സമൂഹം*

### ഫ്യൂഡൽ പ്രഭുക്കന്മാരും കർഷകരും തമ്മിലുള്ള ബന്ധം

- കർഷകർ സ്വന്തം ഭൂമിയും പ്രഭുവിന്റെ ഭൂമിയും കൃഷി ചെയ്യുന്നു. പകരം പ്രഭു സൈനിക സംരക്ഷണം നൽകുന്നു
- പ്രഭുവിന് നീതിന്യായ അധികാരങ്ങളും ഉണ്ട്

## ഒന്നാം ക്രമം: പുരോഹിത വർഗ്ഗം

- രാജാക്കന്മാരിൽ നിന്നും ധാരാളം ഭൂമി ലഭിച്ച കത്തോലിക്കാ സഭ അതിൽ നിന്നും നികുതി പിരിച്ച് ശക്തമായ ഒരു സ്ഥാപനമായി മാറി
- പോപ്പ് ആയിരുന്നു സഭയുടെ തലവൻ. റോം ആസ്ഥാനമാക്കി അദ്ദേഹം പ്രവർത്തിച്ചു
- മിക്ക ഗ്രാമങ്ങളിലും പള്ളികളും പുരോഹിതന്മാരും ഉണ്ടായിരുന്നു
- ബിഷപ്പുമാരും പുരോഹിതന്മാരും ക്രിസ്ത്യാനികളെ നയിച്ചു
- അടിയാളർ, വികലാംഗർ, സ്ത്രീകൾ എന്നിവർക്ക് പുരോഹിതരാകാൻ കഴിയില്ലായിരുന്നു. വിവാഹ ജീവിതം അനുവദിച്ചില്ല
- വലിയ എസ്റ്റേറ്റുകളിൽ താമസിച്ച ബിഷപ്പുമാർ മതരംഗത്തെ പ്രഭുക്കന്മാരായിരുന്നു
- സഭ കർഷകരിൽ നിന്ന് *ടൈഡ്* എന്ന നികുതി പിരിച്ചു
- ഒരു വർഷത്തെ വരുമാനത്തിന്റെ പത്തിലൊന്ന് ആണ് നികുതി

- സഭയും ഫ്യൂഡലിസവും അനേകം ആചാരങ്ങളും ചിഹ്നങ്ങളും പങ്ക് വെച്ചിരുന്നു

## <u>സന്യാസിമാർ</u>

- ഈശ്വര സേവനത്തിനായി ജീവിതം സമർപ്പിച്ച ക്രസ്ത്യാനികൾ
- ഒറ്റപ്പെട്ട ജീവിതം നയിച്ചു. താമസിക്കുന്ന സ്ഥലത്തെ സന്യാസി മഠം അഥവാ ആശ്രമങ്ങൾ എന്നു വിളിച്ചു
- മഠത്തിന്റെ തലവനെ *ആബട്ട്* എന്ന് വിളിച്ചു
- ബേസിൽ പുണ്യവാളനാണ് സന്യാസിമഠ സ്ഥാപകൻ
- ഈജിപ്റ്റിൽ സ്ഥാപിച്ച മഠത്തിന്റെ മാതൃകയിൽ ഇറ്റലിയിലും സ്പെയിനിലുമെല്ലാം സ്ഥാപിക്കപ്പെട്ടു
- ഇറ്റലിയിൽ ബെനഡിക്ട് പുണ്യവാളൻ  മോണ്ടി കാസിനോ കുന്നിൽ CE 529 ൽ ആശ്രമം സ്ഥാപിച്ചു
- സ്പെയിനിൽ വില്യം ഒന്നാമൻ  ഫ്രാൻസിലെ ബർഗണ്ടിയിൽ ക്ലൂനി സന്യാസി മഠം സ്ഥാപിച്ചു
- സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം മഠങ്ങൾ ഉണ്ട്
- പ്രാർത്ഥന, പഠനം, കൃഷി എന്നിവക്കായി സമയം മാറ്റിവെച്ചു
- മഠത്തിനോടൊപ്പം സ്കൂളുകളും കോളേജുകളും ആശുപത്രികളും സ്ഥാപിച്ചു
- ഹിൽഡെ ഗാർഡ് ഒരു സംഗീതജ്ഞയായിരുന്നു
- കയ്യെഴുത്ത് പ്രതികൾ പകർത്തി സൂക്ഷിച്ചിരുന്നു
- 14-ാം  നൂറ്റാണ്ടോടെ മഠങ്ങൾ തകരാൻ തുടങ്ങി
- ആർഭാട ജീവിതം നയിച്ച സന്യാസിമാർ ലക്ഷ്യവും മൂല്യവും മറന്നത് ഇത് തകരാൻ കാരണമായി
- ലാങ് ലണ്ടിന്റെ *പിയേഴ്സ് പ്ലോമെൻ*, ചോസറിന്റെ *കാന്റർബറി കഥകൾ* എന്നിവ സന്യാസിമാരുടെ ആർഭാട ജീവിതത്തെ പരിഹസിക്കുന്ന കൃതികളാണ്

## <u>രണ്ടാം ക്രമം - പ്രഭുവർഗ്ഗം</u>

- ഭൂമിയുടെ മേലുള്ള നിയന്ത്രണമാണ് ഇവർക്ക് പ്രധാനം
- *ആശ്രിതാവസ്ഥ* എന്ന സമ്പ്രദായത്തിന്റെ ഭാഗമാണിത്
- ഭൂമിയുടെ അധിപനായ രാജാവ് ഭൂമി പ്രഭുക്കന്മാർക്ക് വീതിച്ചു കൊടുത്തു. അങ്ങിനെ അവർ രാജാവിന്റെ ആശ്രിതരായി
- രാജാവിനോട് കൂറ് പുലർത്താമെന്ന് പ്രതിജ്ഞയെടുത്തു
- സമ്പത്തിൽ പ്രഭുവിന് പൂർണ നിയന്ത്രണം
- സ്വന്തമായി സൈന്യം, കോടതി, പണമടിച്ചിറക്കാനുള്ള അധികാരം എന്നിവ ഉണ്ടായിരുന്നു

## <u>മനോറിയൽ എസ്റ്റേറ്റ്</u>

- പ്രഭുവിന്റെ വീടിനെ മാനർ എന്നാണറിയപ്പെട്ടത്
- ചെറിയ മാനറിൽ 12 കുടുംബങ്ങളും വലുതിൽ 60 തോളം കുടുംബങ്ങളും ഉണ്ടായിരുന്നു
- നിത്യ ജീവിതത്തിനാവശ്യമായതെല്ലാം മാനറിൽ ഉണ്ടായിരുന്നു
- കൃഷിക്കാർ, മരപ്പണിക്കാർ, കരുവാന്മാർ, കല്ലാശാരിമാർ എന്നീ വിഭാഗങ്ങൾ മാനറിൽ ഉണ്ടായിരുന്നു
- സ്ത്രീകൾ വസ്ത്രങ്ങൾ നെയ്തു. കുട്ടികൾ വീഞ്ഞ് നിർമ്മാണ ശാലയിൽ ജോലി ചെയ്തു
- മാനറിൽ ഉപ്പ്, ആട്ടുകല്ല്, ലോഹപാത്രങ്ങൾ എന്നിവ പുറമേ നിന്നാണ് കൊണ്ടുവന്നിരുന്നത്

## നൈറ്റുകൾ

- യുദ്ധത്തിനായി മാത്രം രൂപികരിച്ച യോദ്ധാക്കളുടെ വിഭാഗം
- നിരന്തരം പരിശീലനത്തിൽ ഏർപ്പെട്ടു
- ഒന്നിലധികം പ്രഭുക്കന്മാരെ സേവിക്കാം. കൂറ് സ്വന്തം യജമാനനോട് മാത്രം
- *ഫീഫ്* എന്ന പേരിലുള്ള ഭൂമി നൈറ്റിന് നൽകി
- 1000 മുതൽ 2000 ഏക്കർ വരെ ഉണ്ടായിരുന്നു
- നൈറ്റിനും കുടുംബത്തിനും താമസിക്കാനുള്ള വീടും പള്ളിയും അതിൽ ഉൾപ്പെട്ടിരുന്നു

## മൂന്നാം ക്രമം: കർഷകർ

- ആദ്യത്തെ രണ്ട് ക്രമങ്ങളെയും നിലനിർത്തിയവരാണ്
- രണ്ട് തരം കർഷകർ - സ്വതന്ത്രരും അസ്വതന്ത്രരും
- സ്വതന്ത്ര കർഷകർ ഭൂമി കൈവശം വെച്ചിരുന്നു
- വർഷം 40 ദിവസം പ്രഭുവിന് വേണ്ടി ജോലി ചെയ്യണം
- ആഴ്ചയിൽ മൂന്ന് ദിവസം കൂലിയില്ലാതെ ജോലി ചെയ്യണം
- നൂൽനൂൽപ്പ്, വസ്ത്രം നെയ്യുക, മെഴുകു തിരി നിർമ്മാണം, വീഞ്ഞ് നിർമ്മാണം എന്നിവ സ്ത്രീകളും കുട്ടികളും ചെയ്തു
- *ടെയിലി* എന്ന നികുതി കർഷകരിൽ നിന്നും രാജാവ് നേരിട്ട് പിരിച്ചു
- അസ്വതന്ത്ര കർഷകർക്ക് സ്വന്തമായി ഭൂമി ഉണ്ടായിരുന്നില്ല
- പ്രഭുവിന്റെ ഭൂമിയിൽ ജോലി ചെയ്തു അവർക്ക് കൂലി ലഭിച്ചിരുന്നില്ല
- പ്രഭുവിന്റെ പൂർണ നിയന്ത്രണത്തിലായിരുന്ന അടിയാള കർഷകർക്ക് എസ്റ്റേറ്റ് വിട്ട് പുറത്ത് പോകാൻ പാടില്ലായിരുന്നു

## സാമൂഹിക-സാമ്പത്തിക ബന്ധങ്ങളെ ബാധിക്കുന്ന ഘടകങ്ങൾ

- പരിസ്ഥിതി
- ഭൂമിയുടെ ഉപയോഗം
- പുതിയ കാർഷിക സാങ്കേതിക വിദ്യ

## പരിസ്ഥിതി

- 5-ാം നൂറ്റാണ്ട് മുതൽ 10-ാം നൂറ്റാണ്ട് വരെ യൂറോപ്പിൽ വനപ്രദേശം കൂടുതലും തണുത്ത കാലാവസ്ഥയുമായിരുന്നു
- കൃഷി ഉൽപ്പാദനം തീരെ കുറവായിരുന്നു
- 11-ാം നൂറ്റാണ്ടിന് ശേഷം കാലാവസ്ഥ കൃഷിക്ക് അനുയോജ്യമായി, വനഭൂമി കുറഞ്ഞ് കൃഷിഭൂമി വർദ്ധിച്ചു. കൃഷി വ്യാപിക്കുന്നതിന് കാരണമായി

## ഭൂമിയുടെ ഉപയോഗം

- ആദ്യ ഘട്ടത്തിൽ പ്രാകൃതമായ കൃഷി രീതിയും കാർഷിക ഉപകരണങ്ങളുമായിരുന്നു
- ഭൂമിയെ രണ്ടായി തിരിച്ച് ഒരു ഭാഗം കൃഷിയും മറ്റേ ഭാഗം തരിശും ഇടുന്ന 'വിളമാറ്റ കൃഷി' ആയിരുന്നു ഉണ്ടായിരുന്നത്
- ഈ രീതിയിൽ കൃഷി ചെയ്ത് വിളവ് കുറയുന്നതിന് കാരണമായി

- പ്രഭുക്കന്മാർ വരുമാനം വർദ്ധിപ്പിക്കുന്നതിൽ മാത്രം ശ്രദ്ധിച്ചു
- കർഷകർ പ്രതിഷേധം ആരംഭിച്ചതോടെ പ്രഭുക്കന്മാരുമായി സംഘർഷങ്ങൾ ഉണ്ടാകാൻ തുടങ്ങി

**<u>പുതിയ കാർഷിക സാങ്കേതിക വിദ്യ</u>**

- 11-ാം നൂറ്റാണ്ടോടുകൂടി കാർഷിക ഉപകരണങ്ങളിൽ മാറ്റങ്ങൾ ഉണ്ടായി
- മരക്കലപ്പയുടെ സ്ഥാനത്ത് ഇരുമ്പ് കൊഴു ഘടിപ്പിച്ച കലപ്പ ഉപയോഗിച്ചു തുടങ്ങി
- മോൾഡ് ബോർഡുകൾ മണ്ണ് പരത്തുന്നതിന് ഉപയോഗിച്ചു
- മൃഗങ്ങളിൽ തോൾപ്പട്ടയും ലാടവും ഉപയോഗിച്ചു
- കാറ്റിന്റെയും ജലത്തിന്റെയും ഊർജ്ജം ഉപയോഗിക്കാൻ ആരംഭിച്ചു. കാറ്റാടി മില്ലുകൾ ജലമില്ലുകൾ എന്നിവ സ്ഥാപിക്കപ്പെട്ടു
- 'ദ്വികൃഷി' സമ്പ്രദായത്തിൽ നിന്നും 'ത്രികൃഷി' സമ്പ്രദായത്തിലേക്ക് മാറി
- കൃഷി ഭൂമി മൂന്നായി തിരിച്ച് ഒരു ഭാഗം തരിശിട്ട് മറ്റ് രണ്ട് ഭാഗങ്ങൾ കൃഷി ചെയ്യുന്ന രീതിയാണ് ത്രികൃഷി രീതി
- ഓരോ വർഷവും വിളകൾ മാറി മാറി കൃഷി ചെയ്തു
- ഇതോടെ ഭക്ഷ്യോൽപ്പാദനം വർദ്ധിച്ചു
- പണത്തിന്റെ ഉപയോഗം സാമ്പത്തിക മാറ്റങ്ങൾക്ക് വഴിതെളിയിച്ചു
- സേവനവും പാട്ടവും നികുതിയുമെല്ലാം പണമായി നൽകാൻ തുടങ്ങി

**<u>നാലാം ക്രമം</u>**

- ജനസംഖ്യ, വ്യാപാരം, നഗരങ്ങൾ എന്നിവ വർദ്ധിച്ചു
- കാർഷിക ഉൽപ്പാദനം വർദ്ധിച്ചത് നഗരങ്ങളുടെ വളർച്ചയ്ക്ക് കാരണമായി
- കോട്ടകൾക്കും, ബിഷപ്പിന്റെ എസ്റ്റേറ്റുകൾക്കും, വലിയ പള്ളികൾക്ക് ചുറ്റിലുമായി നഗരങ്ങൾ വളരാൻ തുടങ്ങി
- നഗരത്തിലെ ജനങ്ങൾ ജന്മിയുടെ നിയന്ത്രണത്തിൽ നിന്നും സ്വാതന്ത്ര്യം നേടയവരായിരുന്നു
- ഈ നഗരങ്ങളെയാണ് നാലാം ക്രമം എന്ന് വിളിച്ചിരുന്നത്
- കച്ചവടക്കാരുടെ സംഘടനയായ *ഗിൽഡുകൾ അഥവാ ശ്രേണികൾ* ആണ് വ്യാപാരം നിയന്ത്രിച്ചിരുന്നത്
    - ഉൽപ്പന്നത്തിന്റെ വില, ഗുണമേന്മ, വിൽപ്പന എന്നിവ നിയന്ത്രിച്ചു
- വ്യാപാരം ശക്തമായതോടെ വ്യാപാരികൾ സമ്പന്നരായി
- അവർ പ്രഭുക്കന്മാരെ ചോദ്യം ചെയ്യാനും ആരംഭിച്ചു

**<u>ഭദ്രാസന പള്ളികൾ</u>**

- വലിയ പള്ളികളെയാണ് ഭദ്രാസന പള്ളികൾ എന്ന് വിളിക്കുന്നത്
- ഭദ്രാസന പള്ളികൾക്ക് ചുറ്റുമായി നഗരങ്ങൾ വളർന്നു
- ബൈബിൾ കഥകൾ ചിത്ര രൂപത്തിൽ പള്ളിയിലെ ജനലുകളിൽ വരച്ചു ചേർത്തിരുന്നു
- പുരോഹിതന്റെ ശബ്ദം ഹാളിൽ മുഴങ്ങുന്ന രീതിയിൽ പള്ളി നിർമ്മിച്ചു

**<u>14-ാം നൂറ്റാണ്ടിലെ പ്രതിസന്ധി</u>**

- കാലാവസ്ഥയിലെ മാറ്റം, വ്യാപാര തകർച്ച, പ്ലേഗ് എന്നീ കാരണങ്ങളാൽ സാമ്പത്തിക തകർച്ച ഉണ്ടായി

- അതിശൈത്യം വർദ്ധിച്ചത് കൃഷി ഇല്ലാതാക്കി
- കൊടുങ്കാറ്റുകളും കടൽ പ്രളയവും കൃഷിയെ നശിപ്പിച്ചു
- പുൽമേടുകൾ കൃഷി ഭൂമിയാക്കിയതോടെ കന്നുകാലികളെ ഇത് ബാധിച്ചു
- ലോഹം കൊണ്ടുള്ള പണത്തിന്റെ ക്ഷാമം വ്യാപാരത്തെ തകർത്തു. ഖനികളിൽ വെള്ളിയുടെ ക്ഷാമം പ്രധാന കാരണമായി
- വ്യാപാര കപ്പലുകളിലൂടെ വന്ന എലികളിൽ നിന്നു പ്ലേഗ് രോഗം പകരാൻ ആരംഭിച്ചു
- ജനസംഖ്യയുടെ 40% ആളുകൾ ഇത് മൂലം മരണപ്പെട്ടു
- തൊഴിൽ ക്ഷാമവും, കൃഷി നാശവും യൂറോപ്പിന്റെ സാമ്പത്തിക അടിത്തറ തകർത്തു

**രാഷ്ട്രീയ മാറ്റങ്ങൾ**

- രാഷ്ട്രീയ രംഗത്തുണ്ടായ പ്രധാന മാറ്റം രാജാക്കന്മാരുടെ വളർച്ച ആയിരുന്നു
- പ്രഭുക്കന്മാരെ അടിച്ചമർത്തി രാജാക്കന്മാർ പൂർണ നിയന്ത്രണം ഏറ്റെടുത്തു
- ഫ്യൂഡലിസം എന്ന ആശയം തകരാൻ തുടങ്ങിയതോടെ രക്ഷാധികാരത്തിലൂടെ രാജാക്കന്മാർ പണവും പിന്തുണയും നേടി
- ഇംഗ്ലണ്ടിലും ഫ്രാൻസിലും പാർലമെന്റുകൾ സ്ഥാപിക്കപ്പെട്ടു. ജനപങ്കാളിത്തത്തോടെയുള്ള ഭരണം ആരംഭിച്ചു
- ഫ്രാൻസിൽ റിപ്പബ്ലിക്കൻ ഗവൺമെന്റും ഇംഗ്ലണ്ടിൽ രാജവാഴ്ചയുമാണ് ഉള്ളത്

| | |
|---|---|
| ലൂയി XIV | ഫ്രാൻസ് |
| മാക്സിമില്യൻ | ആസ്ട്രിയ |
| ഹെൻറി VII | ഇംഗ്ലണ്ട് |
| ഇസബെല്ല, ഫെർഡിനാന്റ് | സ്പെയിൻ |

----oooo----

## <u>പ്രമേയം 7</u>

# <u>മാറുന്ന സാംസ്കാരിക പാരമ്പര്യങ്ങൾ</u>

### <u>നവോത്ഥാനം</u>

- നവോത്ഥാനം ആരംഭിച്ചത് ഇറ്റലിയിലാണ്
- നവോത്ഥാനം എന്നാൽ പുനർജന്മം എന്നാണ് അർത്ഥം
- ഇറ്റാലിയൻ നഗരങ്ങളുടെ പുനരുത്ഥാനം
- നവോത്ഥാനകാലത്തെ ഇറ്റലിയിലെ പ്രധാന നഗരങ്ങളാണ് ഫ്ളോറൻസ്, വെനീസ്, ജനോവ എന്നിവ

### <u>ഇറ്റാലിയൻ നഗരങ്ങളുടെ പുനരുത്ഥാനം</u>

- നവോത്ഥാന കാലഘട്ടത്തിൽ ഇറ്റലിയിൽ നിരവധി നഗരങ്ങൾ ഉയർന്നുവന്നു
- ഫ്ളോറൻസ്, വെനീസ്, ജെനോവ എന്നിവയായിരുന്നു പ്രധാനപ്പെട്ട നഗരങ്ങൾ
- ഇവയെല്ലാം സാംസ്കാരിക കേന്ദ്രങ്ങളും നഗര രാഷ്ട്രങ്ങളുമായിരുന്നു

### <u>സർവകലാശാലകളും മാനവികതയും</u>

- നവോത്ഥാനത്തിന്റെ മുഖ്യ സവിശേഷതയാണ് ഹ്യുമനിസം അഥവാ മാനവികത
- പെട്രാർക്ക് ആണ് ഹ്യുമനിസത്തിന്റെ പിതാവ്
- ഹ്യൂമനിസം ഒരു പാഠ്യപദ്ധതിയാണ്
- ഹ്യൂമനിസത്തിന്റെ വളർച്ചയിൽ ഇറ്റാലിയൻ നഗരങ്ങളും സർവകലാശാലകളും പ്രധാന പങ്കുവഹിച്ചു
- യൂറോപ്പിലെ ആദ്യകാല സർവ്വകലാശാലകൾ സ്ഥാപിക്കപ്പെട്ടത് ഇറ്റാലിയൻ നഗരങ്ങളിലാണ്
- പാദുവ, ബൊളോഗ എന്നിവയാണ് ആദ്യകാല സർവ്വകലാശാലകൾ
- ഫ്ളോറൻസിലെ രണ്ട് മഹാന്മാരാണ് ഡാന്റെ എന്ന എഴുത്തുകാരനും ഗിയാട്ടോ എന്ന ചിത്രകാരനും
- പല താൽപര്യങ്ങളും കഴിവുകളുമുള്ള മനുഷ്യരെ വിശേഷിപ്പിക്കുന്നതിനാണ് 'നവോത്ഥാന മനുഷ്യൻ' എന്ന പദം ഉപയോഗിക്കുന്നത്
- നവോത്ഥാന ശാസ്ത്രത്തിനും തത്വചിന്തക്കും മികച്ച സംഭാവനകൾ നൽകിയ 4 പണ്ഡിതന്മാർ താഴെപ്പറയുന്നവരാണ്

  1) ടോളമി - *അൽമജസ്റ്റ്*
  2) അവിസെന്ന (ഇബ്ൻ സിന) - *കാനൻ ഓഫ് മെഡിസിൻ*
  3) അൽ റാസി - വൈദ്യശാസ്ത്ര വിജ്ഞാന കോശത്തിന്റെ രചിതാവ്
  4) ഇബ്ൻ റഷ്ദ് (അവിറോസ്) - സ്പെയിനിലെ തത്വചിന്തകനും ദാർശനികനും

### <u>നവോത്ഥാന കല - റിയലിസം</u>

- നവോത്ഥാന കലയുടെ മുഖ്യ സവിശേഷത റിയലിസം ആയിരുന്നു
- മനുഷ്യ ശരീരത്തെ യഥാർത്ഥമായി കൃത്യതയോടെ ചിത്രീകരിക്കാനാണ് കലാകാരൻമാർ ശ്രമിച്ചത്. ഇതാണ് റിയലിസം
- ജീവൻ തുടിക്കുന്ന ശിൽപങ്ങൾ നിർമ്മിച്ചുകൊണ്ട് ഡോണടെല്ലോ റിയലിസത്തിന്റെ മേന്മ കാണിച്ച് തന്നു

- വൈദ്യശാസ്ത്ര പ്രൊഫസ്സർ ആയിരുന്ന ആൻഡ്രിയസ് വെസ്സാലിയസ് ആണ് മനുഷ്യ ശരീരത്തെ ആദ്യമായി കീറി മുറിച്ച് പരിശോധിച്ചത്
- നവോത്ഥാനകാലത്ത് ചിത്രകലയുടെ രംഗത്തും വലിയ പുരോഗതി ഉണ്ടായി
- ത്രിമാന സ്വഭാവമുള്ള ചിത്രങ്ങളും എണ്ണച്ചായ ചിത്രങ്ങളും വരക്കുകയുണ്ടായി

<u>വാസ്തു ശിൽപകല</u>

- ചിത്രകലയിലും പ്രതിമ നിർമ്മാണത്തിലും വാസ്തുശിൽപകലയിലും ഒരുപോലെ പ്രാവീണ്യ മുള്ള വ്യക്തികൾ ഇക്കാലത്ത് ഉണ്ടായിരുന്നു
- അവരിൽ ഏറ്റവും പ്രമുഖനാണ് മൈക്കലാഞ്ചലോ
- പോപ്പിനുവേണ്ടി സിസ്റ്റൈൻ ചാപ്പലിന്റെ മച്ചിൽ വരച്ച ചിത്രങ്ങൾ, '***പിയത്ത***' എന്ന ശിൽപ്പം, '***അന്ത്യവിധി***' എന്ന ചിത്രം എന്നിവ അദ്ദേഹത്തെ അനശ്വരനാക്കി
- നവോത്ഥാനകാലത്തെ മറ്റൊരു പ്രസിദ്ധ ചിത്രകാരനായിരുന്ന ലിയനാർഡോ ഡാവിഞ്ചിയുടെ '***മൊണാലിസ***,' '***അവസാനത്തെ അത്താഴം***' തുടങ്ങിയവ ലോക പ്രസിദ്ധങ്ങളാണ്
- ശിൽപകലയിലും വാസ്തുശിൽപകലയിലും സംഭാവന നൽകിയ മറ്റൊരു വ്യക്തിയാണ് ഫിലിപ്പോ ബ്രൂണലേഷി
- ഫ്ളോറൻസിലെ *ഡ്വാമ* രൂപകൽപ്പന ചെയ്തത് അദ്ദേഹമാണ്

<u>ആദ്യം അച്ചടിച്ച ഗ്രന്ഥങ്ങൾ</u>

- 16-ാം നൂറ്റാണ്ടിലാണ് അച്ചടി വിപ്ലവമുണ്ടായത്
- 1455 ൽ ഗുട്ടൻബർഗ് ആദ്യത്തെ അച്ചടിശാല (പ്രിന്റിംഗ് പ്രസ്) സ്ഥാപിച്ചു
- അച്ചടിച്ച ഗ്രന്ഥങ്ങൾ ലഭിച്ചതോടെ വിദ്യാർത്ഥികൾക്ക് പുസ്തകങ്ങൾ വാങ്ങി ഉപയോഗിക്കാൻ സാധിച്ചു
- ആശയങ്ങൾ, അഭിപ്രായങ്ങൾ, വിവരങ്ങൾ തുടങ്ങിയവ അതിവേഗം പ്രചരിക്കാൻ തുടങ്ങി
- പുസ്തകങ്ങൾ വാങ്ങി വായിക്കാൻ തുടങ്ങിയതോടെ ജനങ്ങൾക്കിടയിൽ വായനാശീലം വള രാൻ തുടങ്ങി
- മാനവിക സംസ്കാരം മറ്റ് ദേശങ്ങളിലേക്ക് അതിവേഗം വ്യാപിക്കാനുള്ള പ്രധാന കാരണം അച്ചടി ഗ്രന്ഥങ്ങളുടെ പ്രചാരമായിരുന്നു

## <u>ക്രിസ്തുമതത്തിനുള്ളിലെ സംവാദങ്ങൾ</u>

- ഹ്യുമനിസത്തിൽ ആകൃഷ്ടരായ സഭാ അംഗങ്ങൾ ക്രിസ്തുമതത്തെ അതിന്റെ ലാളിത്യത്തി ലേക്ക് തിരിച്ചുകൊണ്ട് പോകണമെന്ന് ആവശ്യപ്പെട്ടു
- പിൽക്കാലത്ത് വന്ന അനാവശ്യമായ ആചാരങ്ങളെ നിരാകരിക്കാനും ആവശ്യപ്പെട്ടു
- തോമസ് മൂറും, ഇറാസ്മസും കത്തോലിക്കാ സഭയുടെ അത്യാഗ്രഹത്തെയും സാധാരണക്കാ രിൽ നിന്നുള്ള പണപ്പിരിവിനെയും (പാപ വിമോചന പത്രിക) വിമർശിച്ചു

<u>പ്രൊട്ടസ്റ്റന്റ് മതനവീകരണം</u>

- മതനവീകരണ പ്രസ്ഥാനം ആരംഭിച്ചത് ജർമ്മനിയിലാണ്
- മാർട്ടിൻ ലൂഥർ ആണ് ഇതിന് നേതൃത്വം നൽകിയത്
- കത്തോലിക്കാ സഭയുടെ തിന്മകൾ, ചൂഷണം, മതമേധാവിത്തം എന്നിവയ്ക്കെതിരെയുള്ള മത വിപ്ലവമായിരുന്നു പ്രൊട്ടസ്റ്റന്റ് മതനവീകരണ പ്രസ്ഥാനം
- ഇത് കത്തോലിക്കാ സഭയിൽ പിളർപ്പുണ്ടാക്കി
- കത്തോലിക്കാ സഭയിൽ നിന്നും പുറത്ത് പോയവർ പ്രൊട്ടസ്റ്റന്റുകൾ എന്ന് അറിയപ്പെടുന്നു

- സ്വിറ്റ്സർലണ്ടിൽ അൽറിച്ച് സ്വിംഗ്ലിയും, ജോൺ കാൽവിനുമാണ് നേതൃത്വം കൊടുത്തത്

**<u>പ്രതിമതനവീകരണം</u>**

- പ്രൊട്ടസ്റ്റന്റ് മതനവീകരണ പ്രസ്ഥാനത്തെ നേരിടുന്നതിന് കത്തോലിക്കാ സഭ സ്വയം പരിഷ്കരണത്തിന് തയ്യാറായി
- ഈ പരിഷ്കരണ പ്രസ്ഥാനം പ്രതിമതനവീകരണ പ്രസ്ഥാനം എന്ന പേരിൽ അറിയപ്പെടുന്നു
- ഇഗ്നേഷ്യസ് ലയോളയായിരുന്നു ഈ പ്രസ്ഥാനത്തിന് സ്പെയിനിൽ നേതൃത്വം കൊടുത്തത്
- 'ഈശോ സംഘം' എന്ന സംഘടന (540) സ്ഥാപിച്ചത് ഇദ്ദേഹം ആണ്
- ലയോളയുടെ അനുയായികൾ ജെസ്യൂട്ടുകൾ എന്നറിയപ്പെട്ടു

**<u>കോപ്പർ നിക്കസ് വിപ്ലവം</u>**

- ഭൂമി പാപപങ്കിലമായ ഒരു സ്ഥലമാണെന്നും, കനത്ത പാപഭാരം അതിനെ നിശ്ചലമാക്കിയിരിക്കുകയാണെന്നും, ജ്യോതിർ ഗ്രഹങ്ങളെല്ലാം അതിനെ വലയം വെച്ചുകൊണ്ടിരിക്കുകയാണ് എന്നുമുള്ള ക്രൈസ്തവ ധാരണകളെ കടപുഴക്കിയെറിഞ്ഞ് ജ്യോതിശാസ്ത്ര വിപ്ലവത്തിന് തുടക്കം കുറിച്ച മഹാനാണ് കോപ്പർ നിക്കസ്
- *ജ്യോതിർഗോളങ്ങളുടെ ഭ്രമണം* (*The Rotation of the Heavenly Bodies*) എന്ന ഗ്രന്ഥത്തിലാണ് അദ്ദേഹം ഈ സിദ്ധാന്തം അവതരിപ്പിച്ചത്
- സൗരയൂഥത്തിന്റെ കേന്ദ്രം സൂര്യനാണെന്നും ഭൂമിയും മറ്റ് ഗ്രഹങ്ങളും സൂര്യനെയാണ് ഭ്രമണം ചെയ്തുകൊണ്ടിരിക്കുന്നതെന്നും കോപ്പർ നിക്കസ് തന്റെ സൂര്യകേന്ദ്രിത സിദ്ധാന്തത്തിൽ വാദിച്ചു
- സഭയുടെ എതിർപ്പ് ഭയന്ന് മരണക്കിടക്കയിൽ വെച്ചാണ് കോപ്പർ നിക്കസ് തന്റെ പുസ്തകം അനുയായിയെ ഏൽപ്പിച്ചത്
- കോപ്പർ നിക്കസിന്റെ ആശയങ്ങൾ പൂർണതയിലെത്തിച്ചത് ജോഹന്നാസ് കെപ്ലറും ഗലീലിയോവും ആണ്
  - ജോഹന്നാസ് കെപ്ലർ : *കോസ്മോഗ്രാഫിക് മിസ്റ്ററി*
  - ഗലീലിയോ : *ദി മോഷൻ* (ചലനം)

**----0000----**

## പ്രമേയം 8

## സംസ്കാരങ്ങളുടെ അഭിമുഖീകരണം

- 15-ാം നൂറ്റാണ്ടിനും 17-ാം നൂറ്റാണ്ടിനും മധ്യേ യൂറോപ്യന്മാരും അമേരിക്കയിലെ ജനങ്ങളും തമ്മിലുണ്ടായ അഭിമുഖീകരണമാണ് ഈ പാഠഭാഗത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്

**ഉറവിടങ്ങൾ**

- 1911 ൽ ഇൻകാ നഗരമായ *മാച്ചുപിച്ചു* കണ്ടെത്തി
- കപ്പലിലെ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയ വിവരങ്ങൾ
- ഉദ്യോഗസ്ഥരുടേയും ജസ്യൂട്ട് മിഷണറിമാരുടെയും രേഖകൾ

**അരാവാക്കുകൾ**

- ബഹാമസ്, ഗ്രേറ്റർ ആന്റിലസ്, ലെസ്സർ ആന്റിലസ് എന്നീ ദ്വീപ് സമൂഹങ്ങളിൽ താമസിച്ചവർ
- അരാവാക്കിയൻ ലൂക്കായോസ് എന്ന സമുദായം
- സമാധാനപ്രിയരായ സമൂഹം, ചെറുവള്ളങ്ങളിലൂടെ സഞ്ചരിച്ച് മീൻപിടിച്ചും, കൃഷി ചെയ്തും ജീവിച്ചു
- കൂട്ടുകൃഷി സമ്പ്രദായത്തിൽ ചോളം, മധുരക്കിഴങ്ങ്, മരച്ചീനി എന്നിവ കൃഷി ചെയ്തു
- സർവ്വാത്മ വിശ്വാസികളായ ഇവർ *ഷമാൻ* എന്ന പൂജാരിയെ ബഹുമാനിച്ചു
- നെയ്ത്തുകാരായ ഒരു വിഭാഗം അവർക്കിടയിലുണ്ടായിരുന്നു
- സ്പെയിൻകാരുടെ സ്വർണത്തോടുള്ള ആർത്തി ഈ വിഭാഗത്തെ ഭൂമിയിൽ നിന്നുതന്നെ ഇല്ലാതാക്കി
- തുപിനമ്പ എന്നറിയപ്പെട്ട സ്ഥലത്ത് ബ്രസീൽവുഡ് ധാരാളം ഉണ്ടായിരുന്നു. ആ പ്രദേശത്തെ പിന്നീട് ബ്രസീൽ എന്ന് വിളിച്ചു

**അസ്റ്റെക്കുകൾ**

- മെക്സിക്കോ കേന്ദ്രമാക്കി നിലനിന്ന സംസ്കാരം
- ശ്രേണിബദ്ധമായ സംസ്കാരം
- അനേകം വർഗ്ഗങ്ങൾ സമൂഹത്തിൽ ഉണ്ടായിരുന്നു
- പ്രഭുക്കന്മാർ, പുരോഹിതന്മാർ, ഉന്നത പദവിയുള്ളവർ എന്നിവർ ഉൾപ്പെട്ടതാണ് പ്രഭുവർഗം
- പ്രഭുക്കന്മാരിൽ നിന്നും ഭരണാധികാരികളേയും ഉന്നത ഉദ്യോഗസ്ഥരേയും തെരഞ്ഞെടുത്തു
- *ചിനാമ്പസ്* എന്ന കൃത്രിമ ദ്വീപുകൾ അവർ നിർമ്മിച്ച് കൃഷി ചെയ്തു
- 1325 ൽ ടെനോക്ടിലാൻ എന്ന തലസ്ഥാനം പണികഴിപ്പിച്ചു
- അവർ സൂര്യദേവനെ ആരാധിച്ചിരുന്നു
- ഭൂമിയുടെ ഉടമസ്ഥാവകാശം കുലങ്ങൾക്കായിരുന്നു
- ധാരാളം കൃഷി ചെയ്തിരുന്നു
- അടിമ സമ്പ്രദായം ഉണ്ടായിരുന്നു
- വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകി
- പ്രഭുക്കന്മാരുടെ മക്കൾ പഠിച്ച വിദ്യാലയത്തിന് *കാൽമകെക്* എന്ന് വിളിച്ചു (സൈനിക സേവനം, മതപഠനം)
- മറ്റു വിദ്യാർത്ഥികൾ പഠിച്ച വിദ്യാലയത്തിനെ *ടെപ്പോക്കല്ലി* എന്നു വിളിച്ചു (ചരിത്രം, മിത്തുകൾ, ഗാനങ്ങൾ)

- സൈനിക പരിശീലനം, കാർഷിക പരിശീലനം, വീട്ടു ജോലി ചെയ്യാനുള്ള പരിശീലനം എന്നിവ നൽകിയിരുന്നു

## മായന്മാർ

- 13-ാം നൂറ്റാണ്ടിനും 14-ാം നൂറ്റാണ്ടിനുമിടയിൽ മെക്സിക്കോയിൽ നിലനിന്നിരുന്ന സംസ്കാരം
- ചോളം കൃഷിയായിരുന്നു പ്രധാനം. വിളവുമായി ബന്ധപ്പെട്ടാണ് അവരുടെ ആചാരങ്ങൾ നിലനിന്നിരുന്നത്
- വാസ്തുവിദ്യ, ജ്യോതി ശാസ്ത്രം, ഗണിത ശാസ്ത്രം എന്നിവയിൽ താൽപ്പര്യം കാണിച്ച സമൂഹം
- ചിത്രലിപികൾ അടങ്ങിയ ഒരു അക്ഷരമാല അവർക്കുണ്ടായിരുന്നു

## പെറുവിലെ ഇൻകകൾ

- തെക്കെ അമേരിക്കൻ സംസ്കാരങ്ങളിൽ ഏറ്റവും വലുതും പരിഷ്കൃതവും
- 'കെച്ച് വാ' എന്ന വിഭാഗത്തിൽപ്പെട്ട ഇവരുടെ ഭാഷയും 'കെച്ച് വാ' ആയിരുന്നു
- ഇൻകാ തലസ്ഥാനം കുസ്കോ ആയിരുന്നു
- മാൻകോ കപ്പക് ആണ് ഇൻകാ സാമ്രാജ്യം സ്ഥാപിച്ചത്
- കേന്ദ്രീകൃത ഭരണം - രാജാവാണ് ഭരണ കേന്ദ്രം
- ഗോത്ര ഭരണം മുതിർന്നവരുടെ കൗൺസിൽ നടത്തി
- പ്രാദേശിക ഭരണാധികാരികൾ രാജാവിനെ സഹായിച്ചു
- മികച്ച നിർമ്മാതാക്കളും ശിൽപ്പികളുമായിരുന്നു ഇവർ
- റോഡുകൾ, കോട്ടകൾ, ക്ഷേത്രങ്ങൾ, കൊട്ടാരങ്ങൾ, മാളികകൾ എന്നിവ നിർമ്മിച്ചു
- ശിലകൾ കൊണ്ടാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്
- മലമ്പ്രദേശങ്ങളെ തട്ടുതട്ടാക്കി കൃഷി നടത്തിയിരുന്നു
- കാലി വളർത്തലും ഉണ്ടായിരുന്നു
- *ക്വിപു* എന്നറിയപ്പെടുന്ന ഒരു ഗണിത യൂണിറ്റ് അവർ ഉപയോഗിച്ചിരുന്നു

## യൂറോപ്യന്മാരുടെ പര്യവേക്ഷണ യാത്രകൾ

- ടോളമിയുടെ *ഭൂമിശാസ്ത്രം* എന്ന ഗ്രന്ഥം, കപ്പലുകളുടെ നിർമ്മാണം, വടക്കുനോക്കി യന്ത്രത്തിന്റെ കണ്ടുപിടുത്തം, സഞ്ചാര ഗ്രന്ഥങ്ങളുടെ വ്യാപനം എന്നിവയാണ് യൂറോപ്യന്മാരെ സമുദ്രയാത്രയ്ക്ക് പ്രേരിപ്പിച്ചത്
- സാമ്പത്തികം, മതപരം, രാഷ്ട്രീയം എന്നീ ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു

### സാമ്പത്തിക ലക്ഷ്യങ്ങൾ

- സ്വർണ്ണം, വെള്ളി മറ്റു വിലപിടിപ്പുള്ള വസ്തുക്കൾ നേടിയെടുക്കുക എന്നതാണ് പ്രധാന ലക്ഷ്യം

### മതപരമായ ലക്ഷ്യങ്ങൾ

- യൂറോപ്പിന് പുറത്തേക്ക് ക്രിസ്തുമതം പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മിഷനറിമാരേയും അവർ യാത്രയ്ക്ക് കൂട്ടിയിരുന്നു

### രാഷ്ട്രീയ ലക്ഷ്യങ്ങൾ

- പുതുതായി കണ്ടെത്തുന്ന പ്രദേശങ്ങളെ കോളനികളാക്കി രാഷ്ട്രീയ നിയന്ത്രണം സ്ഥാപിക്കാനും അവർ ശ്രമിച്ചു

## കൊളംബസ്

- 1492 ആഗസ്റ്റ് 3 ന് സാന്റാമറിയ, പിന്റ, നീന എന്നീ കപ്പലുകളിൽ പുറപ്പെട്ടു
- ഒക്ടോബർ 12 ന് ഗ്വാനഹണി എന്ന ദ്വീപിൽ എത്തി
- ആ പ്രദേശത്തെ സാൻ സാൽവദോർ എന്ന് പേരിട്ട ശേഷം സ്വയം വൈസ്രോയിയായി പ്രഖ്യാപിച്ചു
- പുതിയൊരു ഭൂഖണ്ഡമായിരുന്നു കൊളംബസ് കണ്ടെത്തിയിരുന്നത് പക്ഷെ അമേരിഗോ വെസ്പൂച്ചിയുടെ പേരിലാണ് അതറിയപ്പെട്ടത്
- റിങ്ങ്മാൻ എന്ന ജർമ്മൻകാരനാണ് അമേരിക്ക എന്ന പദം ആദ്യമായി ഉപയോഗിച്ചത്

## കോർട്ടസും അസ്റ്റെക്കുകളും

- അസ്റ്റെക്കുകളെ നശിപ്പിച്ച സൈനിക മേധാവിയാണ് ഹെർനൻ കോർട്ടസ്

## പിസ്സറോവും ഇൻകകളും

- ഇൻകാ സാമ്രാജ്യം ആക്രമിച്ച് അവിടുത്തെ ജനതയേയും സംസ്കാരത്തേയും ഇല്ലാതാക്കിയ സൈന്യാധിപനാണ് ഫ്രാൻസിസ്കോ പിസ്സറോവ്

## കബ്രാളും ബ്രസീലും

- 1500 പെഡ്രോ അൽവാരിസ് കബ്രാൾ ബ്രസീൽ കണ്ടെത്തി
- ബ്രസീൽവുഡ് എന്ന മരത്തിൽ നിന്നാണ് ബ്രസീൽ എന്ന പേര് ലഭിച്ചത്
- പോർച്ചുഗീസ് രാജാവ് ബ്രസീലിനെ 14 പരമ്പരാഗത ക്യാപ്റ്റൻസികളാക്കി തിരിച്ച് ഭരണം ആരംഭിച്ചു
- തദ്ദേശവാസികളെ അടിമകളാക്കി അവിടെ ഫാക്ടറികളും തോട്ടങ്ങളും സ്ഥാപിച്ചു
- തദ്ദേശീയ ഗ്രാമങ്ങൾ ക്രമേണ ഇല്ലാതാവുകയും അവിടെ യൂറോപ്യൻ നഗരങ്ങൾ ഉണ്ടാവുകയും ചെയ്തു
- 1549 ൽ ബഹിയ ആസ്ഥാനമാക്കി പോർച്ചുഗീസ് ഗവൺമെന്റ് സ്ഥാപിക്കപ്പെട്ടു

## ആക്രമണം, കോളനികൾ, അടിമ വ്യാപാരം

- ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങൾ യൂറോപ്പിലും അമേരിക്കയിലും ആഫ്രിക്കയിലും വളരെയധികം പ്രത്യാഘാതങ്ങൾ ഉണ്ടാക്കി
- വ്യവസായവൽക്കരണത്തെ സഹായിക്കുന്ന രീതിയിൽ സ്വർണ്ണവും വെള്ളിയും പുതിയ പ്രദേശങ്ങളിൽ നിന്ന് യൂറോപ്പിലേക്കെത്തി
- ഇംഗ്ലണ്ട്, ഫ്രാൻസ്, ബെൽജിയം, ഹോളണ്ട് തുടങ്ങിയ രാജ്യങ്ങൾ 'ജോയിന്റ് സ്റ്റോക്ക് കമ്പനികൾ' സ്ഥാപിച്ച് വ്യാപാരങ്ങൾ ആരംഭിച്ചു
- പുതിയ ഉൽപ്പന്നങ്ങൾ യൂറോപ്പിൽ വ്യാപകമാക്കി (ഉരുളകിഴങ്ങ്, പഞ്ചസാര, കൊക്കോ, റബ്ബർ etc.)
- തദ്ദേശവാസികൾ അടിമകളായി മാറപ്പെട്ടു
- തദ്ദേശീയ ജനതയെ ചൂഷണം ചെയ്യുന്ന പ്രധാന രീതിയായി അടിമത്തം മാറി
- 16-17 നൂറ്റാണ്ടുകളിൽ അടിമത്തത്തിനെതിരെ പ്രക്ഷോഭങ്ങൾ നടന്നുവെങ്കിലും അതെല്ലാം ഇല്ലാതാക്കപ്പെടുകയും അടിമത്തം ശക്തമായി നിലനിൽക്കുകയും ചെയ്തു

----oooo----

## പ്രമേയം 9

# വ്യാവസായിക വിപ്ലവം

- 1780 നും 1850 കൾക്കും മദ്ധ്യേ ഇംഗ്ലണ്ടിലെ വ്യവസായം, സമ്പദ് വ്യവസ്ഥ എന്നിവയിലുണ്ടായ പരിവർത്തനമാണ് വ്യവസായിക വിപ്ലവം. പുതിയ യന്ത്രങ്ങളും സാങ്കേതിക വിദ്യകളും ഉപയോഗിച്ചുകൊണ്ട് ഇക്കാലത്ത് ഉൽപ്പാദനത്തിൽ പതിൻമടങ്ങ് വർദ്ധനവുണ്ടായി

**വ്യാവസായിക വിപ്ലവത്തിന്റെ ഭാഗമായുണ്ടായ മാറ്റങ്ങൾ**

- കായിക വേലയിൽ നിന്ന് യന്ത്ര വേലയിലേക്കുള്ള മാറ്റം
- ഗാർഹിക വ്യവസ്ഥയിൽ നിന്ന് ഫാക്ടറി വ്യവസ്ഥയിലേക്കുള്ള മാറ്റം
- യന്ത്ര വൽക്കരണം
- ജലം, നീരാവി, വൈദ്യുതി എന്നീ ഊർജ്ജ സ്രോതസുകളുടെ ഉപയോഗം
- റയിൽവേ, കപ്പൽ ഗതാഗതം

**വ്യാവസായിക വിപ്ലവം എന്തുകൊണ്ട് ഇംഗ്ലണ്ടിൽ ആരംഭിച്ചു**

* രാഷ്ട്രീയ സുസ്ഥിരത
    - പൊതുവായ നിയമങ്ങളും, നാണയ വ്യവസ്ഥയുമുള്ള ശക്തമായ ഭരണം ഇംഗ്ലണ്ടിൽ ഉണ്ടായിരുന്നു.
* പണത്തിന്റെ വ്യാപകമായ ഉപയോഗം
* കാർഷിക വിപ്ലവത്തിന്റെ സ്വാധീനം
* നഗരങ്ങൾ, വ്യാപാരം, ധനം
* ലണ്ടന്റെ ആഗോള പ്രാധാന്യം
* ധനകാര്യ സ്ഥാപനങ്ങൾ : ബാങ്ക് ഓഫ് ഇംഗ്ലണ്ട്
* അമേരിക്കയിലും ഏഷ്യയിലും വ്യാപാരം ചെയ്യുന്ന കമ്പനികൾക്ക് ലണ്ടനിൽ ഓഫീസുകൾ ഉണ്ടായിരുന്നു.
* നദികളിലൂടെയുള്ള ജലഗതാഗതം
* ധാരാളം ബാങ്കുകൾ ഉണ്ടായിരുന്നു
* ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിലേക്കുള്ള ജനങ്ങളുടെ കുടിയേറ്റം

➢ വ്യവസായിക വിപ്ലവത്തിന്റെ ഭാഗമായി പല മേഖലകളിലും വ്യത്യസ്തമായ കണ്ടുപിടുത്തങ്ങൾ ഉണ്ടായി

**കൽക്കരിയും ഇരുമ്പും**

- ഇംഗ്ലണ്ടിൽ പതിനെട്ടാം നൂറ്റാണ്ടുവരെ ഉപയോഗപ്രദമായ ഇരുമ്പിന് ക്ഷാമമുണ്ടായിരുന്നു
- മരക്കരി ഉപയോഗിച്ചാണ് ഇരുമ്പയിര് ഉരുക്കിയിരുന്നത്
- ഇതിന് പല പ്രശ്നങ്ങളുമുണ്ടായിരുന്നു.
- ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തിയത് ഷ്കോപ്ഷെറിലെ ഡാർബി കുടുംബമാണ്.
- 1709 അബ്രഹാം ഡാർബി ഒന്നാമൻ *ബ്ലാസ്റ്റ് ഫർണസ്* വികസിപ്പിച്ചു.
- ഇത് മൂലം ഇരുമ്പ് ഉരുക്കുന്നതിനാവശ്യമായ ഊഷ്മാവ് നിലനിർത്താൻ കഴിഞ്ഞു.
- രണ്ടാമത്തെ ഡാർബി പച്ചിരുമ്പിൽ നിന്ന് വാർപ്പിരുമ്പ് വികസിപ്പിച്ചെടുത്തു.
- മൂന്നാമത്തെ ഡാർബി ലേകത്തിലെ ആദ്യ *ഇരുമ്പ് പാലം* നിർമ്മിച്ചു
- ഉരുക്കിയ ഇരുമ്പിൽ നിന്ന് മാലിന്യങ്ങൾ നീക്കം ചെയ്യുന്ന *പഡ്ലിങ്ങ് ഫർണസ്*, ഇരുമ്പുപാളികൾ നിർമ്മിക്കുന്ന *റോളിങ്ങ്മിൽ* എന്നിവ ഹെന്റികോർട്ട് കണ്ടുപിടിച്ചു.
- ജോൺ വിൽക്കിൻസൻ വാർപ്പിരുമ്പ് ഉപയോഗിച്ച് *ജലക്കുഴൽ* നിർമ്മിച്ചു. ഇരുമ്പ് കസേരകളും, തൊട്ടികളും നിർമ്മിച്ചു.

## <u>തുണി വ്യവസായത്തിലെ കണ്ടുപിടുത്തങ്ങൾ</u>

- **ഫ്ളയിങ്ങ് ഷട്ടിൽ**
  - 1773 ൽ ജോൺ കെ കണ്ടുപിടിച്ചു
- **സ്പിന്നിങ്ങ് ജെന്നി**
  - 1765 ജയിംസ് ഹാർഗ്രീവ്സ് കണ്ടുപിടിച്ചു
  - ഈടുള്ള നൂലുകൾ നൂൽക്കാൻ സാധിച്ചു
- **മ്യൂൾ**
  - 1779 ൽ സാമുവൽ ക്രോംപ്ടൻ കണ്ടുപിടിച്ചു
  - ഒരേ സമയം 250 നൂലുകൾ നൂൽക്കാൻ കഴിഞ്ഞു
- **പവർലൂം**
  - 1787 ൽ എഡ്മണ്ട് കാർട്ട്റൈറ്റ് കണ്ടുപിടിച്ചു
  - യാന്ത്രികോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന ഈ യന്ത്രം നെയ്ത്തിന്റെ വേഗത വർദ്ധിപ്പിച്ചു

## <u>ആവിശക്തി</u>

- ഖനികളിൽ നിന്നും ജലം പമ്പ് ചെയ്തു കളയുന്നതിനായി തോമസ് സാവെറി *മൈനേഴ്സ്ഫ്രന്റ്* എന്ന ആവിയന്ത്രം കണ്ടുപിടിച്ചു
- തോമസ് ന്യൂകോമൻ മറ്റൊരു ആവിയന്ത്രം കണ്ടുപിടിച്ചു
- 1769 ൽ ജെയിംസ് വാട്ട് പുതിയൊരു ആവിയന്ത്രം കണ്ടുപിടിച്ചു

## <u>കനാലുകളും റയിൽവേയും</u>

- നഗരങ്ങളിലേക്ക് കൽക്കരി എത്തിക്കുന്നതിനായിട്ടാണ് കനാലുകൾ ആദ്യം നിർമ്മിക്കപ്പെട്ടത്
- ഏറ്റവും ശ്രദ്ധേയമായ ആദ്യകാല കനാൽ ജയിംസ് ബ്രിൻഡ്ലി നിർമ്മിച്ച ആദ്യ ഇംഗ്ലീഷ് കനാലായ *വോഴ്സ്ലി കനാലാണ്.*
- വൻകിട ഭൂ ഉടമകളാണ് കനാലുകൾ ആദ്യം നിർമ്മിച്ചത്. ഖനികൾ, ക്വാറികൾ, വനങ്ങൾ എന്നിവയുടെ മൂല്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് അവർ കനാലുകൾ നിർമ്മിച്ചത്.
- ഇതോടെ അനേകം വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കപ്പെട്ടു.
- 1788 1796 വരെയുള്ള കാലഘട്ടത്തിൽ ധാരാളം കനാലുകൾ നിർമ്മിക്കപ്പെട്ടു.
- ഈ കാലഘട്ടത്തെ 'കനാൽ മാനിയ' എന്നറിയപ്പെട്ടു.

## <u>റെയിൽവെ</u>

- ഗതാഗത രംഗത്തെ ഏറ്റവും വലിയ വിസ്മയമായിരുന്നു റെയിൽവേയുടെ കണ്ടുപിടുത്തം
- ജോർജ് സ്റ്റീവൻസൺ *റോക്കറ്റ്* എന്ന ആവിയന്ത്രം കൊണ്ട് പ്രവർത്തിക്കുന്ന തീവണ്ടി കണ്ടുപിടിച്ചുകൊണ്ട് റെയിൽവേ യുഗത്തിന് തുടക്കം കുറച്ചു
- റെയിൽവേ ചെലവ് കുറഞ്ഞതും വേഗതയേറിയതുമായ ഒരു ഗതാഗത മാർഗമായിരുന്നു
- 1760 ൽ മരം കൊണ്ട് നിർമ്മിച്ച പാലങ്ങൾക്ക് പകരം ഇരുമ്പ് പാലങ്ങൾ നിലവിൽ വന്നു
- 1801 ൽ റിച്ചാർഡ് ട്രെവിതിക് *പഫിംഗ് ഡെവിൽ* എന്ന യന്ത്രം വികസിപ്പിച്ചു
- 1814 ൽ ജോർജ് സ്റ്റീവൻസൺ *ബ്ലച്ചർ* എന്ന തീവണ്ടി നിർമ്മിച്ചു

## <u>മാറിയ ജീവിതങ്ങൾ</u>

- വ്യാവസായിക വിപ്ലവം ജനജീവിതത്തെ മാറ്റി മറിച്ചു
- ഒരു വിഭാഗത്തിന് അത് സൗഭാഗ്യവും മറ്റൊരു വിഭാഗത്തിന് ദുരന്തങ്ങളും നൽകി.

- സമ്പന്നർക്ക് വ്യവസായങ്ങളിലെ മൂലധന നിക്ഷേപത്തിലൂടെ സാധനങ്ങൾ, വരുമാനം, സേവനം, ജ്ഞാനം, ഉൽപ്പാദനക്ഷമത എന്നീ രൂപങ്ങളിലൂടെ വലിയ സമ്പത്ത് വർദ്ധന നേടാനായി
- തകർന്ന കുടുംബങ്ങൾ, പുതിയ മേൽവിലാസങ്ങൾ, ഹീനമായ നഗരങ്ങൾ, ഫാക്ടറികളിലെ ദാരുണമായ തൊഴിൽ സാഹചര്യങ്ങൾ എന്നിവയായിരുന്നു സാധാരണക്കാരുടെ അനുഭവങ്ങൾ

**<u>തൊഴിലാളികൾ</u>**

- തൊഴിലാളികളുടെ ആയുർ ദൈർഘ്യം വളരെ കുറവായിരുന്നു
- കുട്ടികളിൽ പകുതി പേരും അഞ്ച് വയസ്സിനപ്പുറം ജീവിച്ചില്ല
- അവർക്ക് സാംക്രമിക രോഗങ്ങൾ നേരിടേണ്ടിവന്നു
- വളരെ മോശപ്പെട്ടതും സുരക്ഷാരഹിതവുമായ സാഹചര്യത്തിൽ ജോലിചെയ്യേണ്ടി വന്നു

**<u>സ്ത്രീകളും കുട്ടികളും വ്യവസായവൽകരണവും</u>**

- ബാലവേലയും സ്ത്രീചൂഷണവും വ്യവസായവൽകരണത്തിന്റെ ഏറ്റവും മോശപ്പെട്ട ഫലമായിരുന്നു
- നഗരത്തിലെ ഖനികളിലും ഫാക്ടറികളിലും ദീർഘനേരം തുടർച്ചയായി അവർക്ക് ജോലിചെയ്യേണ്ടിവന്നു
- അവർക്ക് കുറഞ്ഞ കൂലിയാണ് നൽകിയിരുന്നത്
- ബാലവേല അങ്ങേയറ്റം ക്രൂരമായിരുന്നു
- തുണിമില്ലുകളിൽ കുട്ടികളെയാണ് അധികവും നിയമിച്ചിരുന്നത്
- ഇടതിങ്ങിയ യന്ത്രങ്ങൾക്കിടയിലൂടെ നീങ്ങുവാൻ കുട്ടികളെ കൊണ്ട് മാത്രം സാധ്യമായതിനാലാണ് ഇവരെ തുണി മില്ലുകളിൽ ജോലിക്ക് വെച്ചിരുന്നത്
- കുട്ടികളിൽ പലരും യന്ത്രങ്ങളിൽ കുടുങ്ങി മരണപ്പെട്ടിരുന്നു
- ഖനികളിലും അവർ ജീവൻ നഷ്ടപ്പെടുത്തുന്ന തരത്തിൽ നിയോഗിക്കപ്പെട്ടു

**<u>പ്രതിഷേധ പ്രസ്ഥാനങ്ങൾ</u>**

- വ്യവസായവൽകരണത്തിന്റെ തിന്മകൾക്കും ചൂഷണങ്ങൾക്കുമെതിരെ ശക്തമായ പ്രതിഷേധ പ്രസ്ഥാനങ്ങൾ ഉയർന്നുവന്നു
- ഫ്രഞ്ച് വിപ്ലവത്തിന്റെ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന മുദ്രാവാക്യം രാഷ്ട്രീയ ആശയങ്ങളും, പ്രതിഷേധ പ്രസ്ഥാനങ്ങൾക്ക് ഊർജ്ജവും നൽകി
- കടുത്ത ജോലി സാഹചര്യങ്ങൾക്കെതിരെയുള്ള പ്രതിഷേധം ശക്തിപ്രാപിച്ചു
- വോട്ടവകാശത്തിന് വേണ്ടി തൊഴിലാളികൾ പ്രക്ഷോഭമാരംഭിച്ചു
- ബ്രിട്ടീഷ് ഗവൺമെന്റ് പ്രതിഷേധങ്ങളെ അടിച്ചമർത്താൻ ശ്രമിച്ചു

**<u>ഭക്ഷ്യ ലഹളകൾ</u>**

- 1790 മുതൽക്ക് രാജ്യത്തുടനീളം റൊട്ടി ലഹളകൾ അഥവാ ഭക്ഷ്യലഹളകൾ ആരംഭിച്ചു
- റോട്ടി ശേഖരം പിടിച്ചെടുക്കുകയും ന്യായ വിലക്ക് വിതരണം ചെയ്യുകയും ചെയ്തു

**<u>ലുഡ്ഡിസം</u>**

- വ്യവസായവൽക്കരണത്തിനെതിരെ ഉയർന്നുവന്ന പ്രതിഷേധ പ്രസ്ഥാനമാണ് ലുഡ്ഡിസം
- തങ്ങളുടെ ദുരന്തങ്ങൾക്ക് കാരണം യന്ത്രങ്ങളാണെന്ന് കരുതിയ തൊഴിലാളികൾ അത് തകർക്കാൻ തീരുമാനിച്ചു
- ജനറൽ നെഡ്ലുഡ്ഡ് ആയിരുന്നു ഇതിന്റെ നേതാവ്

- സൈന്യത്തെ ഉപയോഗിച്ചാണ് ഈ പ്രസ്ഥാനത്തെ അടിച്ചമർത്തിയത്
- ലുഡ്ഡിസം കേവലം യന്ത്രങ്ങൾ നശിപ്പിക്കാനുള്ള പ്രസ്ഥാനം മാത്രമായിരുന്നില്ല
- മിനിമം കൂലി, സ്ത്രീവേല, ബാലവേല എന്നിവയിലുള്ള നിയന്ത്രണം, തൊഴിൽ സംഘടനകളുടെ രൂപീകരണം എന്നിങ്ങനെയുള്ള ആവശ്യങ്ങളും അവർ ഉന്നയിച്ചു

<u>പെറ്റർലൂ കൂട്ടക്കൊല</u>

- 1819 ആഗസ്റ്റിൽ മാഞ്ചസ്റ്ററിലെ സെന്റ് പീറ്റേഴ്സ് ഫീൽഡിൽ 80,000-ത്തോളം തൊഴിലാളികൾ പങ്കെടുത്ത ഒരു സമ്മേളനം നടന്നു
- ജനാധിപത്യാവകാശങ്ങളായ രാഷ്ട്രീയ സംഘടനാ സ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം എന്നിവക്ക് വേണ്ടിയാണ് അവർ സമ്മേളിച്ചത്
- ജനക്കൂട്ടത്തിലേക്ക് ഇരച്ചുകയറിയ സൈന്യം സമ്മേളനത്തെ ക്രൂരമായി അടിച്ചമർത്തി അനേകം തൊളിലാളികൾ കൊല്ലപ്പെട്ടു
- ഇതിനെ പെറ്റർലൂ കൂട്ടക്കൊല എന്നറിയപ്പെടുന്നു

<u>നിയമം മുഖേനയുള്ള പരിഷ്കാരങ്ങൾ</u>

- ഒമ്പത് വയസ്സിന് താഴെയുള്ള കുട്ടികളെ ഫാക്ടറികളിൽ പണിയെടുപ്പിക്കുന്നത് നിരോധിച്ചു കൊണ്ട് 1819 ൽ നിയമം പാസാക്കപ്പെട്ടു
- 1847 ൽ പത്ത് മണിക്കൂർ നിയമം പാസാക്കി, സ്ത്രീകളുടേയും കുട്ടികളുടേയും ജോലി സമയത്തിന് ഈ നിയമം പരിധി വെച്ചു
- 1842 ൽ ഖനി തൊഴിലാളി നിയമം പാസാക്കി
- പത്ത് വയസ്സിനു താഴെയുള്ള കുട്ടികളെയും സ്ത്രീകളേയും ഖനികളുടെ അന്തർഭാഗത്ത് പണിയെടുപ്പിക്കുന്നത് ഈ നിയമം നിരോധിച്ചു
- 1847 ൽ പാസാക്കപ്പെട്ട മറ്റൊരു ഫാക്ടറി നിയമം 18 വയസ്സിനു താഴെയുള്ള കുട്ടികളെയും സ്ത്രീകളേയും ഒരു ദിവസം പത്ത് മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യിക്കരുത് എന്ന് വ്യവസ്ഥ ചെയ്തു

----0000----

## പ്രമേയം 10

# തദ്ദേശീയ ജനതയുടെ സ്ഥാനഭ്രംശം

## വടക്കെ അമേരിക്ക

### സ്വർണ്ണത്തിനായുള്ള ഇരച്ചുകയറ്റം (Gold Rush)

- 1840 കളിൽ അമേരിക്കയിലെ കാലിഫോർണിയയിൽ സ്വർണ്ണത്തിന്റെ നിക്ഷേപം കണ്ടെത്തി
- ഇതിനെ തുടർന്ന് പെട്ടെന്ന് സമ്പന്നരാകുക എന്ന മോഹവുമായി ആയിരക്കണക്കിന് യൂറോപ്യന്മാർ അമേരിക്കയിലേക്ക് സ്വർണ്ണത്തിനായി ഇരച്ചു കയറി
- അമേരിക്കൻ വൻകരക്ക് കുറുകെ റെയിൽപാതകൾ ഇവർ പണിതു
- റെയിൽവെ വികസനം അമേരിക്കയിൽ വ്യവസായിക വിപ്ലവത്തിന് കാരണമായി
- ഇത് വ്യവസായിക നഗരങ്ങളുടെയും ഫാക്ടറികളുടെയും ഉദയത്തിന് കാരണമായി
- വൻതോതിൽ കൃഷി ഇറക്കുന്നതിനും കാരണമായി

### യൂറോപ്യന്മാർക്ക് അമേരിക്കയിലെ തദ്ദേശീയരെ പറ്റിയുള്ള അഭിപ്രായം

- യൂറോപ്യൻമാർക്ക് അമേരിക്കയിലെ തദ്ദേശീയർ അപരിഷ്കൃതരായിരുന്നു
- ഫ്രഞ്ച് ചിന്തകനായ റുസ്സോയുടെ അഭിപ്രായത്തിൽ ഇവരെ അപരിഷ്കൃതർ എന്ന് വിളിക്കാൻ പറ്റില്ല. കാരണം സംസ്കാരത്തിന്റെ ജീർണത തീരെ ബാധിച്ചിട്ടില്ലാത്തവരാണ് അവർ
- മറ്റു ചിലരുടെ അഭിപ്രായത്തിൽ 'ശ്രേഷ്ഠനായ കിരാതർ' എന്ന പദമാണ് അവർക്ക് അനുയോജ്യം
- വില്യം വേർഡ്സ്വർത്തിന്റെ അഭിപ്രായത്തിൽ പ്രകൃതിയോട് അടുത്ത് ജീവിക്കുന്നവരാണ് ഇവർ. അവർക്ക് ഭാവനയുടെയും വൈകാരികതയുടേയും കരുത്ത് കുറവാണ്

### കാടുകളെ കുറിച്ച് സ്വദേശികൾക്കും യൂറോപ്യൻമാർക്കും ഉള്ള വ്യത്യസ്ത വീക്ഷണങ്ങൾ

- സ്വദേശികൾക്ക് കാടുകളിൽ യൂറോപ്യന്മാർക്ക് അദൃശ്യമായ സഞ്ചാരപഥങ്ങൾ കണ്ടു
- കാടുകൾ വെട്ടിതെളിച്ച് വയലുകൾ ആക്കുന്നതിനാണ് യൂറോപ്യർ പ്രാധാന്യം നൽകിയത്
- യുറോപ്യരും ചെറുവയലുകളുമുള്ള ഒരു രാജ്യമാണ് ജഫേഴ്സൺ സ്വപ്നം കണ്ടത്
- ചുരുക്കത്തിൽ യൂറോപ്യർക്ക് സാമ്പത്തിക താൽപര്യം ആയിരുന്നു കൂടുതൽ
- എന്നാൽ തദ്ദേശീയർ പണമുണ്ടാക്കാനല്ല സ്വന്തം ആവശ്യത്തിന് മാത്രമാണ് കൃഷി ചെയ്തത്

### അമേരിക്കയിലെ വ്യവസായിക വളർച്ച

- റെയിൽവേയുടെ വികസനമാണ് വടക്കെ അമേരിക്കയിൽ വ്യവസായിക വളർച്ച ഉണ്ടാകാനുള്ള കാരണം
- ഇത് ദൂരദേശ വ്യപാരത്തിനും യന്ത്രവൽക്കരണത്തിനും കാരണമായി
- യു.എസ്.എ. യിലും കാനഡയിലും വ്യവസായിക നഗരങ്ങളും ഫാക്ടറികളും വൻതോതിൽ വർദ്ധിച്ചു
- ഇത് കാർഷിക മേഖലയുടെ വളർച്ചക്കും കാരണമായി

### വടക്കെ അമേരിക്കയിലെ തദ്ദേശീയരുടെ ജീവിതത്തിൽ മാറ്റത്തിന് ഇടയാക്കിയ സംഭവങ്ങൾ

- 1928 ൽ സാമൂഹ്യ ശാസ്ത്രജ്ഞനായ ലെവിസ് മറിയം ***ദി പ്രോബ്ലം ഓഫ് ഇന്ത്യൻ അഡ്മിനിസ്ട്രേഷൻ*** എന്ന പഠനം പ്രസിദ്ധീകരിച്ചതോടെ തദ്ദേശീയരുടെ പരിതാപകരമായ വിവരങ്ങൾ ലോകം അറിഞ്ഞു

- 1934 ലെ 'ഇന്ത്യ പുനസംഘടനാ നിയമം' പ്രത്യേകം മാറ്റി വയ്ക്കപ്പെട്ട പ്രദേശങ്ങളിലെ തദ്ദേശീയർക്ക് ഭൂമി വാങ്ങാനും വായ്പ എടുക്കാനും അവകാശം ലഭിച്ചു.
- 1950 കളിലും 1960 കളിലും ഇവർക്ക് വേണ്ടി പ്രത്യേക ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചു
- പക്ഷെ അവർക്ക് വേണ്ടത് തങ്ങളുടെ പാരമ്പര്യം അനുസരിച്ച് പഴയരീതിയിൽ ആരുടേയും ഇടപെടലുകൾ ഇല്ലാതെ ജീവിക്കാനുള്ള ആവകാശമായിരുന്നു
- ഈ രീതിയിൽ ജീവിക്കാൻ അവർക്ക് അവകാശം നൽകാം എന്ന് ആധുനിക അമേരിക്കൻ ഗവൺമെന്റ് ഉറപ്പ് നൽകിയ ശേഷം മാത്രമാണ് അവർ അമേരിക്കൻ പൗരത്വം സ്വീകരിച്ചത്

## ആസ്ട്രേലിയ

### ആസ്ട്രേലിയയിലേക്കുള്ള യൂറോപ്യരുടെ കടന്ന് വരവ്

- **1606** - ഡച്ച് സഞ്ചാരികൾ ആസ്ട്രേലിയ കണ്ടെത്തുന്നു
- **1642** - ടാസ്മാൻ ഒരു ദ്വീപിലെത്തുന്നു ഈ സ്ഥലം ടാസ്മാനിയ എന്നറിയപ്പെടുന്നു
- **1770** - ജയിംസ് കുക്ക് ബോട്ടണി ബേയിൽ എത്തുന്നു. ഇതിന് ന്യൂ സൗത്ത് വെയിൽസ് എന്ന പേര് നൽകുന്നു
- **1778** - ബ്രിട്ടൻ നാട് കടത്തുന്നവരുടെ കോളനി ആയി ആസ്ട്രേലിയയെ മാറ്റുന്നു. സിഡ്നി സ്ഥാപിക്കുന്നു

### ആസ്ട്രേലിയയുടെ വികാസം

- 1850 - ആസ്ട്രേലിയൻ കോളനികൾക്ക് സ്വയം ഭരണം അനുവദിച്ചു
- 1851 - ചൈനയിൽ നിന്ന് തൊഴിലാളികളുടെ കുടിയേറ്റം. 1955 ൽ ഇത് നിയമം മൂലം നിരോധിച്ചു
- 1851-1961 - സ്വർണ്ണത്തിനായുള്ള ഇരച്ചുകയറ്റം
- 1901 - ആറ് സംസ്ഥാനങ്ങളെ ഉൾപ്പെടുത്തി ആസ്ട്രേലിയൻ ഫെഡറേഷൻ രൂപീകരിച്ചു
- 1911 - തലസ്ഥാനമായി കാൻബറ സ്ഥാപിക്കപ്പെടുന്നു
- 1948 - 75 ദശലക്ഷം യൂറോപ്യൻമാർ ആസ്ട്രേലിയയിലേക്ക് കുടിയേറുന്നു

### ആസ്ട്രേലിയൻ തദ്ദേശീയരുടെ ജീവിതത്തിൽ മാറ്റങ്ങൾക്കിടയാക്കിയ സംഭവങ്ങൾ

- 1968 ൽ W.E.H സ്റ്റാനർ എന്ന നരവംശ ശാസ്ത്രജ്ഞൻ ***മഹത്തായ ആസ്ട്രേലിയൻ നിശബ്ദത*** എന്ന പേരിൽ നടത്തിയ പ്രഭാഷണത്തിൽ ആദിമ നിവാസികളുടെ കാര്യത്തിൽ ചരിത്രകാരൻമാർക്കുള്ള നിശബ്ദത തുറന്ന് കാട്ടി
- ഹെന്റി റെയ്നോൾഡ്സിന്റെ ***വൈ വേറിന്റ് വി ടോൾസ്*** എന്ന പുസ്തകത്തിൽ ക്യാപ്റ്റൻ കുക്കിന്റെ കണ്ടുപിടിത്തത്തോടെയാണ് ആസ്ട്രേലിയൻ ചരിത്രം തുടങ്ങുന്നത് എന്ന ചരിത്ര രീതിയെ ചോദ്യം ചെയ്യുകയും തദ്ദേശീയരെ പറ്റി എഴുതുകയും ചെയ്തു
- ഇതിന് ശേഷം പ്രാദേശിക സംസ്കാരങ്ങളെപ്പറ്റി പഠിക്കാൻ സർവ്വകലാശാലകളിൽ പ്രത്യേക വകുപ്പും ആർട്ട് മ്യൂസിയങ്ങളും മറ്റും സ്ഥാപിക്കപ്പെട്ടു.
- 1974 മുതൽ ബഹു സാംസ്കാരികത ആസ്ട്രേലിയയുടെ ഔദ്യോഗിക നയമായി പ്രഖ്യാപിക്കപ്പെട്ടു.
- 1992 ***ടെറാനള്ളിയസ്*** (ഭൂമി ആരുടേതുമല്ല എന്ന നയം) എന്നത് നിയമപരമായി നിലനിൽക്കില്ല എന്ന് ഹൈക്കോടതി പ്രഖ്യാപിച്ചു.

----0000----

## പ്രമേയം - 11

# ആധുനികവൽകരണത്തിലേക്കുള്ള പാതകൾ

➢ ചൈനയും ജപ്പാനും തമ്മിലുള്ള ഭൗതിക വ്യത്യാസങ്ങൾ

### ചൈന

- ചൈന ഒരു വിശാലമായ രാജ്യമാണ്, അതിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ പല കാലാവസ്ഥാ മേഖലകളുണ്ട്
- രാജ്യത്തിന്റെ വലിയ ഒരു ഭാഗം മലനിരകളാണ്
- മഞ്ഞ നദി, യാങ്സി നദി, പേൾ നദി പോലുള്ള ധാരാളം നദികളും ഉണ്ട്
- ചൈനയിലെ പ്രധാന വംശീയ വിഭാഗം ഹാൻ ആണ്, പ്രധാന ഭാഷ ചൈനീസും ഉയ്ഗർ, ഹ്യൂസ്, മഞ്ജു, ടിബറ്റൻ എന്നിവ പോലുള്ള മറ്റ് ദേശീയ വിഭാഗങ്ങളും ചൈനയിലുണ്ട്
- ചൈനീസ് ഭക്ഷണത്തിലും വൈവിധ്യമുണ്ട്

### ജപ്പാൻ

- ജപ്പാൻ ഒരു ദ്വീപ് ശൃംഖലയാണ്
- കരപ്രദേശത്തിന്റെ 50 ശതമാനത്തിലേറെ മലമ്പ്രദേശമാണ്
- ഒരു സജീവ ഭൂകമ്പ മേഖലയിലാണ് ജപ്പാൻ സ്ഥിതി ചെയ്യുന്നത്
- ജനങ്ങളിൽ ഭൂരിഭാഗവും ജപ്പാനീസ് വംശജരാണ്
- മുഖ്യ വിള അരിയാണ്, പ്രോട്ടീൻ കിട്ടാൻ മത്സ്യത്തെ ആണ് ആശ്രയിക്കുന്നത്
- ചൈനക്കാരും ജപ്പാൻകാരും ചരിത്രരചനക്ക് വളരെ പ്രാധാന്യം നൽകിയിരുന്നു
- ചൈനയിലേയും ജപ്പാനിലേയും ഭരണാധികാരികൾ ചരിത്രരചനയോട് താൽപര്യം ഉള്ളവർ ആയിരുന്നു
- രേഖകൾ സൂക്ഷിക്കാനും രാജകീയ ചരിത്രം എഴുതാനും ഔദ്യോഗിക വകുപ്പുകൾ ഉണ്ടായിരുന്നു
- 'സിമ ചിയാൻ' പ്രാചീന ചൈനയിലെ മഹാനായ ചരിത്രകാരൻ ആയിരുന്നു
- മെയ്ജി ഗവൺമെന്റ് രേഖകൾ എഴുതി വെക്കാനും ശേഖരിക്കാനും ഒരു ബ്യൂറോ സ്ഥാപിച്ചു
- ലിഖിതമായ വാക്കുകളോടും സാഹിത്യപരമായ കഴിവുകളോടും ജപ്പാൻ വലിയ ആദരവ് കാണിച്ചിരുന്നു
- 'ജോസഫ് നീഥം' എഴുതിയ ചൈനീസ് സംസ്കാരത്തിലെ ശാസ്ത്രത്തിന്റെ ചരിത്രവും ജോർജ് സാൻസം ജപ്പാനീസ് ചരിത്രത്തെക്കുറിച്ച് എഴുതിയ ഗ്രന്ഥവും വിലപ്പെട്ട വിവരങ്ങൾ നൽകുന്നു.

## ജപ്പാൻ

- ബാഹ്യലോകത്ത് നിന്ന് ഏറെക്കുറേ ഒറ്റപ്പെട്ടാണ് ജപ്പാൻ കഴിഞ്ഞിരുന്നത്
- പാശ്ചാത്യ രാജ്യങ്ങളുടെ കോളനിവൽക്കരണത്തിൽ നിന്ന് രക്ഷപെട്ട ഏക രാജ്യവും ജപ്പാനായിരുന്നു
- ഇവിടെ ഷോഗൺ ഭരണമായിരുന്നു നിലനിന്നിരുന്നത്. അവരുടെ തലസ്ഥാനമായിരുന്നു **ഏദോ** (ടോക്കിയോ)
- ജപ്പാനീസ് തുറമുഖങ്ങളെ വിദേശ വ്യാപാരത്തിന് വേണ്ടി തുറന്ന് കിട്ടുന്നതിന് യു.എസ.എ.ക്ക് വലിയ താൽപര്യം ഉണ്ടായിരുന്നു

**<u>മാത്യു പെറിയുടെ ആഗമനം</u>**

- 1853 ൽ കമ്മഡോർ മാത്യു പെറിയുടെ കീഴിൽ ശക്തമായൊരു നാവിക സേനയെ യു.എസ.എ. ജപ്പാനിലേക്ക് അയച്ചു.
- വ്യാപാരത്തിന് അനുമതി ലഭ്യമാക്കുക. ജപ്പാനുമായി നയതന്ത്ര ബന്ധം സ്ഥാപിക്കുക എന്നിവയായിരുന്നു

**<u>അമേരിക്കയുടെ ലക്ഷ്യങ്ങൾ</u>**

- ചൈനയിലേക്കുള്ള പാതയിലാണ് ജപ്പാൻ സ്ഥിതിചെയ്തിരുന്നത്. അതിനാൽ ജപ്പാനെ നല്ലൊരു വിപണിയായി യു.എസ്.എ. കണ്ടു
- തങ്ങളുടെ കപ്പലുകൾക്ക് ഇന്ധനം നിറക്കാനുള്ള ഒരു സ്ഥലമായും അവർ ജപ്പാനെ കാണുകയുണ്ടായി.
- പിറ്റേവർഷം മാത്യു പെറി വീണ്ടും ജപ്പാനിൽ എത്തി
- രണ്ടു തുറമുഖങ്ങൾ യു.എസ്. കപ്പലുകൾക്ക് തുറന്നുകൊടുക്കാനും നിയന്ത്രിതമായ തോതിൽ വ്യാപാരം അനുവദിക്കാനും ഗവൺമെന്റ് നിർബന്ധിതമായി
- മാത്യു പെറിയുടെ ആക്രമണം ജപ്പാൻ രാഷ്ട്രീയത്തിൽ വലിയ ചലനങ്ങൾ ഉണ്ടാക്കി
- ഷോഗൺ ഭരണത്തിന്റെ അന്ത്യത്തിനു മെയ്ജി പുന:സ്ഥാപനത്തിനും ഇത് കാരണമായി തീർന്നു
- വിദേശശക്തികൾക്ക് കീഴടങ്ങി ഷോഗൺമാർക്കെതിരെ രാജ്യത്ത് ശക്തമായ പ്രക്ഷോഭം ഉയർന്നു വന്നു

**<u>മെയ്ജി പുനഃസ്ഥാപനം</u>**

- 1868 ഷോഗൺമാർക്കെതിരെ ജപ്പാനിൽ ഒരു തുറന്ന കലാപം തന്നെ ഉണ്ടായി
- കലാപകാരികൾ ഷോഗണെ ബലം പ്രയോഗിച്ച് പുറത്താക്കുകയും ചക്രവർത്തിയെ എദോയിലേക്ക് കൊണ്ട് വരികയും ചെയ്തു
- എദോയെ ടോക്കിയോ എന്ന് പുനർനാമകരണം ചെയ്യുകയും തലസ്ഥാനം ആയി പ്രഖ്യാപിക്കുകയും ചെയ്തു
- പുതിയ ചക്രവർത്തി *മെയ്ജി* അഥവാ *ഉദ്ബുദ്ധൻ* എന്ന പദവി സ്വീകരിക്കുകയും ചെയ്തു
- രാജ്യത്തിന്റെ ഔദ്യോഗിക ഭരണാധികാരിയായി സ്ഥാനമേൽക്കുകയും ചെയ്തു
- 1868 ഈ വിപ്ലവം മെയ്ജി പുനഃസ്ഥാപനം എന്ന പേരിലറിയപ്പെടുന്നു

**<u>രാഷ്ട്രീയ പരിഷ്കാരങ്ങൾ</u>**

- "സമ്പന്നമായ രാഷ്ട്രം ശക്തമായ സൈന്യം" (*ഫുക്കോക്കു ക്യോഹി*) എന്ന മുദ്രാവാക്യത്തോടെ പുതിയ ഗവൺമെന്റ് ഒരു പുത്തൻനയത്തിന് തുടക്കമിട്ടു
- യൂറോപ്യന്മാർക്ക് മുന്നിൽ കീഴടങ്ങാതിരിക്കുന്നതിന് സമ്പന്നമായൊരു സമ്പദ് വ്യവസ്ഥയും ശക്തമായ ഒരു സൈന്യവും അത്യാവശ്യമാണെന്ന് ജപ്പാൻ മനസ്സിലാക്കിയിരുന്നു
- ഇതിനായി ജനങ്ങൾക്കിടയിൽ ദേശീയത്വം വളർത്തിയെടുക്കേണ്ടതും പ്രജകളെ പൗരന്മാരായി മാറ്റിയെടുക്കേണ്ടതും അത്യാവശ്യമായിരുന്നു
- ജപ്പാനിലെ ഭരണ സമ്പ്രദായവും പുനഃസംഘടിപ്പിച്ചു
- പുതിയ ഗവൺമെന്റ് 'ചക്രവർത്തി സമ്പ്രദായം' എന്ന ഒരു ഭരണസംവിധാനം രൂപപ്പെടുത്താൻ ശ്രമിച്ചു

## പുതിയ വിദ്യാഭ്യാസ സമ്പ്രദായം

- പാശ്ചാത്യ രീതിയിൽ പുതിയ വിദ്യാഭ്യാസ സമ്പ്രദായം കൊണ്ടുവന്നു
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വിദ്യാഭ്യാസം നിർബന്ധമാക്കി
- അങ്ങനെ ജപ്പാന്റെ ചരിത്രത്തിൽ ആദ്യമായി വനിതാ വിദ്യാഭ്യാസം അനുവദിക്കപ്പെട്ടു
- പാശ്ചാത്യ മാതൃകയിലുള്ള പാഠ്യപദ്ധതിയാണ് ജപ്പാൻ സ്വീകരിച്ചത്
- 1870 കളിൽ ജപ്പാന്റെ ചരിത്രം പഠിക്കുന്നതിനും വിദ്യാർത്ഥികളിൽ രാജ്യത്തോട് കൂറ് വളർത്തിയെടുക്കുന്നതിനും പ്രാധാന്യം നൽകപ്പെട്ടു
- വിദ്യാഭ്യാസ മന്ത്രാലയം പാഠ്യ പദ്ധതിയുടെ മേൽ കർശന നിയന്ത്രണം ഏർപ്പെടുത്തി, അധ്യാപക പരിശീലനം നൽകുകയും ചെയ്തു
- വിദ്യാർത്ഥികളിൽ ധാർമ്മിക സംസ്കാരം വളർത്തിയെടുക്കുന്നതിനും വിദ്യാഭ്യാസം ഊന്നൽ നൽകി

## സമ്പദ് വ്യവസ്ഥയുടെ ആധുനീകരണം

- ടോക്കിയോ - യോക്കാഹോമ തുറമുഖം എന്നിവയെ ബന്ധിപ്പിച്ചുകൊണ്ടുള്ള ആദ്യത്തെ റെയിൽവേ പാത പണി കഴിപ്പിക്കപ്പെട്ടു
- തുണി നെയ്ത്ത് യന്ത്രങ്ങൾ യൂറോപ്പിൽ നിന്നും ഇറക്കുമതി ചെയ്തു
- 1872 ൽ ആധുനിക ബാങ്കിങ് സ്ഥാപനങ്ങൾ സ്ഥാപിച്ചു

# ചൈന

## റിപ്പബ്ലിക് സ്ഥാപിക്കുന്നു

- 1911 ൽ സൺ-യാത്-സന്റെ നേതൃത്വത്തിലുള്ള വിപ്ലവത്തിൽ മഞ്ചു ഭരണാധികാരികളെ പരാജയപ്പെടുത്തിക്കൊണ്ട് ചൈനയിൽ ഒരു റിപ്പബ്ലിക് സ്ഥാപിക്കപ്പെടുന്നു
- സൺ-യാത്-സൻ ആധുനിക ചൈനയുടെ സ്ഥാപകനായി അറിയപ്പെടുന്നു

### സൺ-യാത്-സെന്റെ മൂന്ന് തത്വങ്ങൾ

- സൺ-യാത്-സന്റെ മൂന്ന് തത്വങ്ങൾ ***സാൻ-മിൻ-ചുയി*** എന്നറിയപ്പെടുന്നു

1. **ദേശീയത** : മഞ്ചു ഭരണാധികാരികളെയും വിദേശ ശക്തികളെയും പുറത്താക്കുക
2. **ജനാധിപത്യം** : ചൈനയിൽ ജനാധിപത്യ ഗവണ്മെന്റ് സ്ഥാപിക്കുക
3. **സോഷ്യലിസം** : മൂലധനം നിയന്ത്രിക്കുകയും ഭൂവുടമസ്ഥത തുല്യതപ്പെടുത്തുകയും ചെയ്യുക

## മെയ് 4 പ്രസ്ഥാനം

* ഒന്നാം ലോക മഹായുദ്ധത്തിനു ശേഷം ഉണ്ടായ ഒരു പ്രസ്ഥാനം
* 1919 ൽ ബെയ്ജിങ്ങിൽ നടന്ന പ്രതിഷേധ പ്രസ്ഥാനം
* വിദേശ ശക്തികളെ പുറത്താക്കുക
* എഴുതാൻ ലളിതമായ ഭാഷ ഉപയോഗിക്കുക
* സ്ത്രീകൾക്കിടയിൽ നിലനിൽക്കുന്ന കാൽപ്പാദം പൊതിഞ്ഞു കെട്ടൽ അവസാനിപ്പിക്കുക
* അടിമത്തം അവസാനിപ്പിക്കുക
* വിവാഹത്തിലെ അസമത്വം അവസാനിപ്പിക്കുക
* സാമ്പത്തിക വികസനം കൊണ്ടുവരിക

* ദാരിദ്ര്യം ഇല്ലായ്മ ചെയ്യുക
- സൺ-യാത്-സന്റെ മരണ ശേഷം ചിയാങ് കൈഷക് കുമിന്താങ്ങുകളുടെ തലവനായി മാറി
- കമ്മ്യൂണിസ്റ്റുകളെ അമർച്ച ചെയ്യാൻ അദ്ദേഹം ശ്രമിച്ചു

**<u>ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി (CCP)</u>**

- 1921 ലാണ് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാപിക്കപ്പെട്ടത്
- മാവോ സേതുങ് ആയിരുന്നു ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവ്
- കർഷകരെ മുൻനിർത്തിയുള്ള വിപ്ലവ പരിപാടികൾ അദ്ദേഹം ആവിഷ്ക്കരിച്ചു
- കുമിന്താങ് ആക്രമണത്തിൽ നിന്നും രക്ഷനേടാൻ മാവോയും കൂട്ടരും 1928 മുതൽ 1934 വരെ ജിയാങ്സി മലനിരകളിൽ താമസിച്ചിരുന്നു
- അവിടെ അദ്ദേഹം ഒരു സോവിയറ്റ് (കർഷക സമിതി) രൂപീകരിച്ചു
- ഭൂമി പിടിച്ചെടുത്തു പുനർവിതരണം ചെയ്തു
- കുമിന്താങ്ങുകളുടെ ആക്രമണത്തിൽ നിന്നും രക്ഷനേടാൻ അവർ 6000 മൈൽ താണ്ടി ഷാൻസിയിലെ യെനാൻ എന്ന സ്ഥലത്തേക്ക് പോയി
- ഇത് ചൈനീസ് ചരിത്രത്തിൽ ലോങ്ങ് മാർച്ച് (1934 1935) എന്നറിയപ്പെടുന്നു
- എന്നാൽ കുമിന്താങ്ങുകളെ പരാജയപ്പെടുത്തികൊണ്ട് അവർ ചൈനയിൽ അധികാരം സ്ഥാപിച്ചു
- 1949 ൽ ചൈനയിൽ ജനകീയ റിപ്പബ്ലിക് സ്ഥാപിതമായി
- സ്വകാര്യ ഭൂവുടമസ്ഥാവകാശം നിർത്തലാക്കി
- 1958 ൽ 'മഹത്തായൊരു കുതിച്ചു ചാട്ടം' എന്നൊരു പദ്ധതി നടപ്പിലാക്കി
- വീട്ടുവളപ്പിൽ തന്നെ ഉരുക്കു ചൂളകൾ നിർമ്മിക്കാൻ അദ്ദേഹം ജനങ്ങളെ പ്രോത്സാഹിപ്പിച്ചു
- എന്നാൽ വീട്ടുവളപ്പിലെ ചൂളയിൽ ഉൽപ്പാദിപ്പിച്ചിരുന്ന ഉരുക്ക് വ്യാവസായികമായി ഉപയോഗിക്കാൻ കഴിയാത്തവയായിരുന്നു

**<u>മഹത്തായ സാംസ് കാരിക വിപ്ലവം</u>**

- 1965 ൽ മാവോ സാംസ്കാരിക വിപ്ലവം എന്ന പരിപാടി ആവിഷ്ക്കരിച്ചു
- പഴയ സംസ്കാരം, പഴഞ്ചൻ ആചാരാനുഷ്ഠാനങ്ങൾ എന്നിവയ്ക്കെതിരെയുള്ള ഒരു പ്രസ്ഥാനമായിരുന്നു ഇത്
- യുക്തിപരമായ സംവാദങ്ങൾക്ക് പകരം മുദ്രാവാക്യങ്ങൾക്ക് പ്രാധാന്യം നൽകി
- സാംസ്കാരിക വിപ്ലവം പ്രാവർത്തികമാക്കുന്നതിനുവേണ്ടി പ്രചാരണം നടത്തുന്നതിനായി വിദ്യാർത്ഥികളും സൈനികരുമടങ്ങുന്ന 'ചുവപ്പു സേന' (Red Guards) രൂപീകരിച്ചു
- എന്നാൽ ഇത് ഒരു പരാജയമായിരുന്നു

**----0000----**